സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ
ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച
ശ്രീമഹാരാമായണം
കേൾക്കുവാനും വായിക്കുവാനും
സന്ദർശിക്കുക
യൂട്യൂബ് ചാനൽ
Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 23 ലക്കം 6 തിരുവനന്തപുരം 2024 ജൂൺ 10 പേജ് 6 വില 5 രൂപ RNI Reg. No. KERMAL /2002/7358

## "നേച്ചർ ക്ലബ് വേൾഡ് വൈഡ്"

# പശ്ചിമഘട്ടത്തോടൊപ്പം

**ബി.എസ്. ബാലചന്ദ്രൻ**

കഴിഞ്ഞ അര നൂറ്റാണ്ടുകാലമായി ലോക പരിസ്ഥിതിദിനം വിപുലമായ പരിപാടികളോടെ ആചരിച്ചുവരുന്നു. ഇക്കൊല്ലവും വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഗവൺമെന്റുകളുടെയുമെല്ലാം ആഭിമുഖ്യത്തിൽ സമ്മേളനങ്ങളും ശില്പശാലകളും പ്രതിജ്ഞ പുതുക്കലുമെല്ലാം നടന്നു. അൻപത് വർഷങ്ങളായി തുടരുന്ന ചടങ്ങിന്റെ ആവർത്തനം.

ഇതുമതിയോ...?

ലോകത്തിന്റെ സർവ്വനാശം മുന്നിൽക്കണ്ട് വിഷണ്ണരായി നിൽക്കുന്നവരും സഹജീവി സ്നേഹികളായ പരിസ്ഥിതി പ്രവർത്തകരുമെല്ലാം തെല്ലൊരസ്വസ്ഥതയോടെ ഉയർത്തുന്ന ചോദ്യമാണിത്. ആനുകാലിക സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ചോദ്യം തികച്ചും പ്രസക്തമാണുതാനും.

ഇതിനു മറുപടിയെന്നോണവും വെറുമൊരു ചടങ്ങെന്ന നിലയിലല്ലാതെ ലോകം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ട് ആഴത്തിലും പരപ്പിലും പ്രവർത്തിക്കുവാൻ സന്നദ്ധമായും രംഗത്തുള്ള അന്താരാഷ്ട്ര സംഘടനയാണ് "നേച്ചർ ക്ലബ് വേൾഡ് വൈഡ്".

കാടുകളും മരങ്ങളും സംരക്ഷിക്കുക, വനഭൂമി പരമാവധി വിസ്തൃതമാക്കാൻ ശ്രമിക്കുക, ആഗോളപാരിസ്ഥിതിക സംതുലനവും കാലാവസ്ഥാ സുസ്ഥിരതയും ഉറപ്പാക്കുക തുടങ്ങിയുള്ള യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാം (യു.എൻ. ഇ.പി)ന്റെ പരിസ്ഥിതി ദിനാചരണ ഉദ്ദേശ്യലക്ഷ്യങ്ങളുമായി പൂർണ്ണമായി ചേർന്നുനിന്നുള്ള പ്രവർത്തനമാണ് "നേച്ചർ ക്ലബ് വേൾഡ് വൈഡ്" വിഭാവനം ചെയ്തിട്ടുള്ളത്. വായുവും ജലവും മനുഷ്യോപയോഗ യോഗ്യമാക്കുന്ന കാര്യത്തിലും പ്രത്യേക ശ്രദ്ധയുണ്ടാവണം.



**ഈവർഷം മുതൽ പരിസ്ഥിതി ദിനമല്ല, മറിച്ച് പരിസ്ഥിതി മാസമായിരിക്കും ആചരിക്കുക. ജൂൺ 5 മുതൽ ജൂലൈ 4 വരെയുള്ള ഒരുമാസക്കാലം വിവിധങ്ങളായുള്ള കർമ്മപരിപാടികളുമായി "നേച്ചർ ക്ലബ് വേൾഡ് വൈഡ്" പരിസ്ഥിതിമാസം ആചരിക്കും.**

സംഘടന ഈവർഷം മുതൽ പരിസ്ഥിതി ദിനമല്ല, മറിച്ച് പരിസ്ഥിതി മാസമായിരിക്കും ആചരിക്കുക. ജൂൺ 5 മുതൽ ജൂലൈ 4 വരെയുള്ള ഒരുമാസക്കാലം വിവിധങ്ങളായുള്ള കർമ്മപരിപാടികളുമായി "നേച്ചർ ക്ലബ് വേൾഡ് വൈഡ്" പരിസ്ഥിതിമാസം ആചരിക്കും. വരും വർഷങ്ങളിലും പരിസ്ഥിതി മാസാചരണം കൃത്യമായി തുടരുവാനും സംഘടന തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ദിന-വാര-മാസ-വത്സര പരിധിവെയ്ക്കാതെയുള്ള തുടർച്ചയായ ബോധവത്ക്കരണ-പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാനും ഉദ്ദേശിക്കുന്നു. "നേച്ചർ ക്ലബ് വേൾഡ് വൈഡ്" എന്ന സംഘടനയുടെ സംരംഭങ്ങളെ പരിസ്ഥിതി പ്രവർത്തകർ ഇരുകൈകളും നീട്ടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ആഗോളപാരിസ്ഥിതിക സംരക്ഷണത്തിന്റെ ആണിക്കല്ല് കേരളം ഉൾപ്പെടുന്ന പശ്ചിമഘട്ടമേഖലയാണ്. പശ്ചിമഘട്ടമേഖലാ സംരക്ഷണത്തിലൂടെ മാത്രമേ ലോക പരിസ്ഥിതി സംരക്ഷണവും ലോക പരിസ്ഥിതി സംതുലിതാവസ്ഥാ പരിപാലനവും സാധിതപ്രായമാവുകയുള്ളൂ എന്നതാണ് വസ്തുത. ലോകമെമ്പാടുമുള്ള പരിസ്ഥിതി ശാസ്ത്രജ്ഞരും ഭൗമശാസ്ത്രവിദഗ്ധരുമെല്ലാം ഇക്കാര്യം ആവർത്തിച്ചുവ്യക്തമാക്കിക്കൊണ്ടിരിക്കുന്നതിനു കാരണവും മറ്റൊന്നല്ല.

**പശ്ചിമഘട്ടമേഖല അപകടപ്പെടുന്നപക്ഷം അത് ലോകത്തിന്റെ തന്നെ നിലനിൽപ്പിനെ അപകടകരമാംവിധം ബാധിക്കും! സ്ഫോടകാത്മകമായ ഈ സാഹചര്യത്തിലാണ് പശ്ചിമഘട്ട സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും വർദ്ധിക്കുന്നത്.**

പശ്ചിമഘട്ടമേഖലയിലെ പലേടങ്ങളും പരിസ്ഥിതിലോല പ്രദേശങ്ങളാണ്. പശ്ചിമഘട്ട മേഖല അപകടപ്പെടുന്നപക്ഷം അത് ലോകത്തിന്റെ തന്നെ നിലനിൽപ്പിനെ അപകടകരമാംവിധം ബാധിക്കും! സ്ഫോടകാത്മകമായ ഈ സാഹചര്യത്തിലാണ് പശ്ചിമഘട്ട സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും വർദ്ധിക്കുന്നത്.

പരമപ്രധാനമായ ഈ വസ്തുതകൾ ഉൾക്കൊണ്ട് 'നേച്ചർ ക്ലബ്ബ് വേൾഡ് വൈഡ്'ന്റെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളുടെ പ്രധാന മേഖലയായി പശ്ചിമഘട്ടത്തെ ഏറ്റെടുത്തിരിക്കുകയാണ്. "ബി വിത്ത് വെസ്റ്റേൺ ഗാർട്ട്സ് (നാം പശ്ചിമ മേഖലക്കൊപ്പം)" എന്ന മുദ്രാവാക്യമുയർത്തിയാണ് അന്താരാഷ്ട്ര സംഘടനയായ നേച്ചർ ക്ലബ്ബ് വേൾഡിന്റെ പശ്ചിമഘട്ട മേഖലയിലൂന്നി

(ശേഷം 6-ാം പേജിൽ)

## അഹങ്കാരത്തിന്റെ ഫലം ആപത്ത്: ബി.എസ്. ബാലചന്ദ്രൻ




**തിരുവനന്തപുരം:** അഹങ്കാരം മനുഷ്യനെ ആപത്തിലേയ്ക്ക് നയിക്കുമെന്നതിനാൽ ജീവിതത്തിൽ എത്രയൊക്കെ നേട്ടങ്ങൾ കൈവരിക്കാനായാലും അതിൽ അഹങ്കാരം ലേശംപോലുമുണ്ടാവാതിരിക്കാൻ ഓരോരുത്തരും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണെന്ന് ബി.എസ്.എസ്. ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ ഓർമ്മിപ്പിച്ചു.

'അഹങ്കാരത്തിന്റെ ഫലം ആപത്ത്' എന്ന് ശ്രീരാമചന്ദ്രൻ നേരിട്ടുതന്നെ തന്റെ തിരുനാവിനാൽ ഉരചെയ്ത പല ഘട്ടങ്ങളും രാമായണത്തിൽ കാണാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാമായണ പ്രഭാഷണപരമ്പരയിൽ സംബന്ധിച്ച് രാമായണ പ്രഭാഷണം നടത്തുകയായിരുന്നു ബി.എസ്. ബാലചന്ദ്രൻ.

അഹങ്കരിച്ചതുമൂലം അതിപ്രബലന്മാർപോലും ആപത്തിൽ ചെന്നുചാടിയ സംഭവങ്ങൾ രാമായണത്തിൽ കാണാം. ശിവ-പാർവ്വതീപുത്രനും അതിബലവാനുമായ ഹനുമാനുപോലും അഹങ്കാരത്തിന്റെ തിക്തഫലം അനുഭവിക്കാതിരിക്കാനായില്ല. ഹനുമാൻ വായുദേവന്റെ പുത്രനാണെന്നതും കേസരിയെന്ന വാനര ശ്രേഷ്ഠന്റെ പുത്രനാണെന്നതും സാങ്കേതികമായി ശരിതന്നെയാണെങ്കിലും ശ്രീപാർവ്വതീ-ശ്രീപരമേശ്വര സംഗമത്തിൽ രൂപപ്പെട്ട ബീജമാണ് വായുദേവൻ മുഖേന അഞ്ജന എന്ന വാനരസ്ത്രീയുടെ ഗർഭത്തിൽ നിക്ഷേപിച്ചത്. തുടർന്ന് അഞ്ജന പ്രസവിച്ച ശിശുവാണ് ഹനുമാൻ. കേസരി എന്ന വാനരശ്രേഷ്ഠൻ അഞ്ജനയുടെ ഭർത്താവായിരുന്നു.



സൂര്യഭഗവനിൽ നിന്നാണ് ഹനുമാൻ വിദ്യകൾ അഭ്യസിച്ചത്. സദാ സഞ്ചരിച്ചുകൊണ്ടിരുന്ന സൂര്യദേവന്റെ രഥത്തിന് മുന്നിൽ ഗ്രന്ഥം മലർത്തിപ്പിടിച്ച് സൂര്യദേവനൊപ്പം അതിവേഗം പിന്നോട്ട് നടന്നായിരുന്നു പഠനം. സൂര്യഭഗവാനിൽ നിന്നും നാല് വേദങ്ങളും ആറ് ശാസ്ത്രങ്ങളുമടക്കമുള്ള എല്ലാ വിദ്യകളും അഭ്യസിച്ചശേഷം ഒരുനാൾ ഹനുമാൻ കാട്ടിലൂടെ സഞ്ചരിക്കവേ ഗൗതമ മഹർഷിയുടെ ആശ്രമത്തിനു സമീപമെത്തി. മഹർഷിയുടെ ആശ്രമം ഒരു വലിയ ഗുഹയായിരുന്നു. ആശ്രമം സന്ദർശിക്കാമെന്നുകരുതി ഹനുമാൻ ഗുഹയ്ക്കുള്ളിലേയ്ക്ക് കയറി. അന്നേരം മഹർഷിയും ശിഷ്യന്മാരും അവിടെയുണ്ടായിരുന്നില്ല. ഹനുമാൻ ഗുഹയിൽ നിന്നും പുറത്തേയ്ക്കിറങ്ങവെ ഒരു പുലി അതുവഴി പോവുകയായിരുന്നു. അതുകണ്ടപ്പോൾ ഹനുമാനിൽ വാനരസഹജമായ കുസൃതി തലപൊക്കി. താൻ അതിശക്തനാണെന്നും എല്ലാ വിദ്യകളും സ്വായത്തമാക്കിയവനുമാണെന്നുമുള്ള അഹങ്കാരത്തിൽ ഹനുമാൻ പുലിയെ പൊക്കിയെടുത്ത് ഗുഹയ്ക്കുള്ളിലാക്കിയശേഷം ഗുഹാമുഖം ഒരു കൂറ്റൻ കരിങ്കല്ലുകൊണ്ട് മൂടിവെച്ചു. തുടർന്ന് നടന്നുപോയി.

കുറേ സമയം കഴിഞ്ഞ് മുനിയും ശിഷ്യന്മാരും മടങ്ങിവന്നപ്പോൾ ഗുഹാകവാടം കൂറ്റൻ കല്ലുകൊണ്ട് മൂടിയിരിക്കുന്നത് കണ്ടു. കുറേയേറെ ശിഷ്യർ അപ്പോൾ ഗൗതമ മഹർഷിക്കൊപ്പമുണ്ടായിരുന്നു. അവരെല്ലാം ചേർന്ന് ഒത്തുപിടിച്ചിട്ടും ആദ്യമൊന്നും കരിങ്കല്ലിനെ ഒന്നനക്കാൻ പോലും കഴിഞ്ഞില്ല. ഒടുവിൽ ഏറെനേരത്തെ കഠിന ശ്രമഫലമായി കല്ലിനെ കുറച്ചുമാറ്റുവാൻ കഴിഞ്ഞു. അപ്പോഴാകട്ടെ ഗുഹയിൽനിന്നും പുലി പുറത്തേയ്ക്ക് ചാടി. ശിഷ്യന്മാർ ഭയന്നുവിറച്ചു. മുനി അവർക്ക് ധൈര്യം കൊടുത്തു. "നമ്മുടെ ആശ്രമത്തിൽ വന്ന് നമ്മെ ഉപദ്രവിക്കുവാൻ ഒരു പുലിക്കും സിംഹത്തിനുമാവില്ല...." എന്ന് മുനീന്ദ്രൻ അവരെ

(ശേഷം 6-ാം പേജിൽ)

## ബി.എസ്.എസ് സംസ്കാര ഭാരതം കാവ്യസദസ്സ്

### ബി.എസ്.എസ് സാംസ്കാര ഭാരതം കാവ്യസദസ്സ് ജി. എസ്. പ്രദീപ് ഉദ്ഘാടനം ചെയ്തു




*ബി.എസ്.എസ് സാംസ്കാര ഭാരതം കാവ്യസദസ്സ് ജി. എസ്. പ്രദീപ് ഉദ്ഘാടനം ചെയ്യുന്നു*

ബി.എസ്. എസ് കൾചറൽ മിഷന്റെ നേതൃത്വത്തിൽ സംസ്കാര ഭാരതത്തിന്റെ പ്രതിമാസ പരിപാടിയായ 'സാംസ്കാര ഭാരതം കാവ്യസദസ്സ്' കവടിയാർ സദ്ഭാവന ഭവൻ ആഡിറ്റോറിയത്തിൽ വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ ജി. എസ്. പ്രദീപ് ഉദ്ഘാടനം ചെയ്തു.

ബി എസ് എസ് ചെയർമാൻ ബി എസ് ബാലചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബി എസ് എസ് ഡയറക്റ്റർ ജനറൽ ജയ ശ്രീകുമാർ സ്വാഗതം ആശംസിച്ചു. ചടങ്ങിൽ ബി എസ് എസ് അസിസ്റ്റന്റ് ഡയറക്ടർ സ്മിത മനോജ് കൃതജ്ഞത രേഖപ്പെടുത്തി.

സുധീഷ് ചടയമംഗലം ഏകോപനം നിർവഹിച്ച പരിപാടിയിൽ മുപ്പതിലേറെ കവികൾ തങ്ങളുടെ കവിതകൾ അവതരിപ്പിച്ചു. ഏപ്രിൽ മാസത്തെ ഏറ്റവും മികച്ച കവിതക്കുള്ള പുരസ്കാരം ജി.എസ്. പ്രദീപിൽ നിന്നും സുരേന്ദ്രൻ വെള്ളായണി ഏറ്റുവാങ്ങി.

## സംസ്കാര ഭാരതം ഗാനസദസ്സ്

ബി.എസ്.എസ് സംസ്കാര ഭാരതത്തിന്റെ പ്രതിമാസ പരിപാടിയായ 'ഗാനസദസ്സ്' കവടിയാർ സദ്ഭാവന ഭവൻ ആഡിറ്റോറിയത്തിൽ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രന്റെ അധ്യക്ഷതയിൽ നടന്നു. ബി.എസ്.എസ് ഡയറക്റ്റർ ജനറൽ ജയ ശ്രീകുമാർ സ്വാഗതം ആശംസിച്ചു. ബി.എസ്.എസ് അസിസ്റ്റന്റ് ഡയറക്ടർ സ്മിത മനോജ് ഏകോപനം നിർവഹിച്ചു.

## മറുകും മലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

**വേണം**

വീടില്ലാത്ത വീടുണ്ടാകണം
വാക്കില്ലാത്ത വാചകം പോലെ
ചൂടില്ലാത്ത ചൂടുണ്ടാകണം
തീയില്ലാത്ത സ്നേഹം പോലെ

**വിഢ്ഢിത്തം**

മുത്തച്ഛൻ മൂത്ത അച്ഛനാകുമ്പോൾ
വൃദ്ധസദനങ്ങൾ
പാമ്പും പഴയതാണു നല്ലതെന്നു
പറഞ്ഞവനാരോ പമ്പര വിഢ്ഢി

**കരുതൽ**

ക്രോധം അഗ്നിയാണജ്ഞാനവു-
മഹങ്കാരവുമഗ്നിയത്രേ അസൂയയും
ആർത്തിയും ക്രൂരവും സന്ദേഹമി-
ല്ലഗ്നി തന്നെയെല്ലാം
കരുതാമൊരല്പം ജലം കരൾക്കുമ്പിളിൽ
തണുപ്പിനായ് തലോടലിനായ്.

**നൃത്തം**

യക്ഷികൾ രാക്ഷസർ പൊട്ടിച്ചിരിക്കുന്ന
മുത്തശ്ശിക്കഥയല്ലേ ബാല്യകാലം
യക്ഷികൾ രാക്ഷസർ നൃത്തം ചവിട്ടുന്ന
സത്യമാം കഥയല്ലേ ബാക്കികാലം

**നമ്മൾ**

വൃക്ഷങ്ങൾ വീഴുമ്പോൾ കരയുവത്
പക്ഷികൾ മാത്രം
പുഷ്പങ്ങൾ കൊഴിയുമ്പോൾ വിതുമ്പുന്നതു
ശലഭങ്ങൾ മാത്രം
അക്ഷിയിൽ കണ്ണീർ തേടുവതു
കരൾപ്പക്ഷി മാത്രം
പുച്ഛത്തിൻ കുട നിവർപ്പതോ
മർത്ത്യരാം നമ്മൾ മാത്രം

## കാര്യവിചാരം

### മൗലവിയുടേയും ഡോക്ടറുടേയും രണ്ട് കാഴ്ച്ചപ്പാടുകൾ



**പ്രൊഫ. ജി. ബാലചന്ദ്രൻ**

മൗലാനാ ഉമർ പാലമ്പോരി ലോക പ്രശസ്തനായ ഒരു മതപണ്ഡിതനായിരുന്നു. ഒരിക്കൽ ഒരു യാത്രയിൽ വെച്ച് യുക്തിവാദിയായ ഒരു ഡോക്ടറെ കണ്ട് മുട്ടി. ഡോക്ടർ ചോദിച്ചു: 'മൗലവി സാഹിബ്, മരണശേഷം ഖബറിൽ ചോദ്യമുണ്ടാവുമെന്നും ദുർമാർഗ്ഗികൾക്ക് ശിക്ഷയുണ്ടാവുമെന്നും പ്രവാചകൻ മുഹമ്മദ് നബി പറഞ്ഞിട്ടുണ്ടല്ലോ. അവിടെ അഗ്നിയും പാമ്പും തേളുമെല്ലാം ഉണ്ടാകുമെന്നും പറയുന്നു. എന്നാൽ, ഏതെങ്കിലും അക്രമകാരിയായ ഒരു മനുഷ്യന്റെ ഖബറിനകത്ത് താങ്കൾക്ക് അത് കാണിച്ചു തരാമോ?

'ഒരിക്കലുമില്ല'. മൗലവി മറുപടി പറഞ്ഞു.' അപ്പോൾ താങ്കൾ പ്രചരിപ്പിക്കുന്നത് അസത്യമല്ലേ? ജനങ്ങളെ വിഡ്ഢികളാക്കുകയല്ലേ താങ്കളെപ്പോലുള്ളവർ? ഡോക്ടർ തുടർന്നു ചോദിച്ചു: പാമ്പും തേളും തീയുമെല്ലാം ഞാൻ ഈ ലോകത്ത് കാണിച്ചു തരാം പക്ഷേ, ഖബറിൽ താങ്കൾക്കത് കാണിക്കാൻ കഴിയില്ല.

ശാന്തമായി ഇത്രയും കേട്ട ശേഷം മൗലവി തിരിച്ചു ചോദിച്ചു: 'താങ്കൾ പഠിച്ച മെഡിക്കൽ സയൻസ് പ്രകാരം

(ശേഷം 2-ാം പേജിൽ)



# മെയ് ഡയറി

ആശ അരവിന്ദ്

## മെയ് 1

- മെയ് ഒന്ന്, ലോക തൊഴിലാളി ദിനം. തൊഴിൽ സമയം എട്ടു മണിക്കൂറായി നേടിയെടുത്ത പോരാട്ടത്തിൻെറ ഓർമ്മയ്ക്കായാണ് മെയ് ദിനം. എട്ടു മണിക്കൂർ ജോലി, വിനോദം, വിശ്രമം എന്നിവയ്ക്കായി ഷിക്കാഗോയിലെ തൊഴിലാളികൾ സമരം ചെയ്ത് രക്തസാക്ഷികളായതിൻെറ ഓർമ പുതുക്കുകയാണ് ലോകമെമ്പാടുമുള്ള തൊഴിലാളികൾ.ലോക തൊഴിലാളി ദിനമായി മേയ് ഒന്ന് ആചരിക്കപ്പെട്ടു തുടങ്ങിയത് 1890 മുതലാണ്.1923 മുതൽക്കേ മെയ്ദിനം ഇന്ത്യയിൽ ആചരിക്കുന്നുണ്ടായിരുന്നുവെങ്കിലും 1927ൽ ഡൽഹിയിൽ ചേർന്ന എഐടിയുസി സമ്മേളനമാണ് എല്ലാ പ്രവിശ്യകളിലെ ശാഖകളോടും മെയ്ദിനം ആചരിക്കാൻ ഔദ്യോഗികമായി ആവശ്യപ്പെടുന്നത്. 1923 മെയ് 1 ന് മദ്രാസിലെ മറീന ബീച്ചിൽ ചേർന്ന സമ്മേളനത്തിലാണ് ഇന്ത്യയിലാദ്യമായി മെയ്ദിനം ആചരിക്കുന്നത്.
- സമുദ്രാന്തർ ഭാഗത്തെ ഏറ്റവും ആഴമേറിയ കുഴി കണ്ടെത്തി ശാസ്ത്രജ്ഞർ. മെക്സിക്കോയിലെ യുകാറ്റൻ പെനിൻസുലയുടെ തെക്കുകിഴക്കൻ തീരത്തുള്ള ചേറ്റുമൽ ഉൾക്കടലിലാണ് താം ജാ ബ്ലൂ ഹോൾ കണ്ടെത്തിയത്. ലോകത്ത് കണ്ടെത്തിയതിൽ ഏറ്റവും ആഴമേറിയ അണ്ടർവാട്ടർ സിങ്ക് ഹോളാണ് ഇതെന്ന് ഗവേഷകർ പറഞ്ഞു.

## മെയ് 2

- മലയാളി താരം എച്ച്.എസ്.പ്രണോയ് ഉൾപ്പെടെ 7 ഇന്ത്യൻ ബാഡ്മിൻറൻ താരങ്ങൾക്ക് പാരിസ് ഒളിംപിക്സ് യോഗ്യത. പുരുഷ സിംഗിൾസിൽ പ്രണോയിക്കു പുറമേ ലക്ഷ്യസെന്നും യോഗ്യത ഉറപ്പിച്ചു. വനിതാ ഡബിൾസിൽ പി.വി.സിന്ധു യോഗ്യത നേടി. പുരുഷ ഡബിൾസിൽ സാത്വിക് സായ്രാജ്-ചിരാഗ് ഷെട്ടി സഖ്യവും വനിതാ ഡബിൾസിൽ അശ്വിനി പൊന്നപ്പ-തനീഷ ക്രാസ്റ്റോ സഖ്യവും ഒളിംപിക്സിനുണ്ടാകും.

## മെയ് 3

- എല്ലാ വർഷവും മെയ് മൂന്ന് ലോക മാധ്യമ സ്വാതന്ത്ര്യദിനമായിട്ടാണ് ആചരിക്കുന്നത്. മാധ്യമപ്രവർത്തകരുടെ സ്വാതന്ത്ര്യത്തെപ്പറ്റിയും അവർ നേരിടുന്ന പ്രതിസന്ധികളെപ്പറ്റിയും ഓർമ്മിപ്പിക്കുന്ന ദിവസമാണിത്. 1993ൽ ഐക്യരാഷ്ട്ര സഭയുടെ പൊതുസഭയാണ് ലോക മാധ്യമ സ്വാതന്ത്ര്യ ദിനം സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്.
- പാകിസ്താന്റെ ആദ്യ ചാന്ദ്ര ദൗത്യം വിക്ഷേപിച്ച് ചൈന. ചൈനയുടെ ആറാം ചാന്ദ്ര ദൗത്യമായ ചാങ് ഇ6 വിക്ഷേപിച്ചു. ചന്ദ്രോപരിതലത്തിന്റെ വിവിധ ചിത്രങ്ങൾ പകർത്താനാണ് ഈ ഉപഗ്രഹം ഉപയോഗിക്കുക
- നാസയുടെ സൈക്കി പേടകത്തിൽ സ്ഥാപിച്ച ഡീപ്പ് സ്പേസ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ സംവിധാനത്തിൽ നിന്ന് ആദ്യമായി ഭൂമിയിലേക്ക് സിഗ്നൽ ലഭിച്ചതായി നാസ അറിയിച്ചു. ശൂന്യാകാശത്ത് ഏകദേശം 22.6 കോടി കിമീ ദൂരെ നിന്നാണ് ഈ സിഗ്നൽ അയച്ചിരിക്കുന്നത്.

## മെയ് 4

- ഇന്ന് കൽക്കരി ഖനിത്തൊഴിലാളി ദിനം ആഘോഷിക്കുന്നു. വീടുകൾക്കും വ്യവസായങ്ങൾക്കും കമ്മ്യൂണിറ്റികൾക്കും ഊർജം നൽകുന്നതിൽ അതിൻെറ സുപ്രധാന പങ്കിനെക്കുറിച്ച് ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.
- ഇന്ത്യൻ സൂപ്പർ ലീഗ് ഫൈനലിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ തകർത്ത് മുംബൈ സിറ്റിക്ക് കിരീടം. ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് മുംബൈ സിറ്റിയുടെ വിജയം.

## മെയ് 5

- ഇന്ന് ലോക ചിരി ദിനം. 'ഒരുമിച്ച് ചിരിക്കുക, ഒരുമിച്ച് സുഖപ്പെടുത്തുക.' എന്നതാണ് ഈ വർഷത്തെ തീം.

## മെയ് 6

- ഗ്രാൻഡ്മാസ്റ്റർ പദവി കൈവരിക്കുന്ന ആദ്യ സഹോദരങ്ങൾ എന്ന ബഹുമതി പ്രഗ്നാനന്ദക്കും സഹോദരി വൈശാലിക്കും.കൊനേരു ഹംപിക്കും ഡി.ഹരികയ്ക്കും ശേഷം ചെസ് ഗ്രാൻഡ്മാസ്റ്ററാകുന്ന ഇന്ത്യൻ വനിതയായി ആർ. വൈശാലി. ലോക ചെസ് ചരിത്രത്തിൽ ഗ്രാൻഡ്മാസ്റ്റർ പദവി നേടുന്ന ആദ്യ സഹോദരീ സഹോദരന്മാർ എന്ന നേട്ടം വൈശാലിയും പതിനെട്ടുകാരൻ പ്രഗ്നാനന്ദയും സ്വന്തമാക്കി.

## മെയ് 7

- ഒഎൻവി കൾച്ചറൽ അക്കാദമി ഏർപ്പെടുത്തിയ 2024ലെ സാഹിത്യ പുരസ്കാരം ജ്ഞാനപീഠം ജേതാവും പ്രമുഖ സാഹിത്യകാരിയുമായ പ്രതിഭാ റായിക്ക്. 3 ലക്ഷം രൂപയാണ് സമ്മാനത്തുക. ഒഎൻവി യുവ സാഹിത്യ പുരസ്കാരം അര ലക്ഷം രൂപ) ദുർഗാ പ്രസാദിന്റെ 'രാത്രിയിൽ അച്ചാങ്കര' എന്ന കാവ്യസമാഹാരത്തിനാണ്.

## മെയ് 8

- ഇന്ന് അന്താരാഷ്ട്ര റെഡ്ക്രോസ് ദിനം. ലോകമെമ്പാടുമുള്ള ദുരന്തങ്ങൾ, സായുധ സംഘർഷങ്ങൾ, ആരോഗ്യ പ്രതിസന്ധികൾ എന്നിവ നേരിടുന്നവർക്ക് സഹായം നൽകുക എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുന്ന റെഡ്ക്രോസ്, ഹെന്റി ഡുനൻഡ് എന്ന വ്യവസായിയിൽ നിന്ന് ഇന്ന് ലോകമൊട്ടാകെ വളർന്നു കഴിഞ്ഞു. 192 രാജ്യങ്ങളിലായി 1800 ഉദ്യോഗസ്ഥരും 16.4 ദശലക്ഷം വോളന്റിയർമാരും റെഡ്ക്രോസിനുണ്ട്.
- മലിനമായ അന്തരീക്ഷം വൃത്തിയാക്കുന്നതിനുള്ള അതി ഭീമൻ വാക്വം ഉപകരണം ഐസ് ലാൻഡിൽ പ്രവർത്തനം ആരംഭിച്ചു. മാമത്ത് എന്ന് പേരിട്ടിരിക്കുന്ന ഈ ഡയറക്ട് എയർ കാപ്ചർ (ഡിഎസി) ഉപകരണം സ്വിസ് കമ്പനിയായ ക്ലൈംവർക്ക്സ് ആണ് നിർമിച്ചത്.

## മെയ് 9

- ബെലേം എന്ന പുരാതന പായ്ക്കപ്പൽ ഒളിംപിക്സ് ദീപശിഖയുമായി മാഴ്സെ തീരത്തെത്തി. ഫ്രാൻസിലെ 64 പ്രവിശ്യകളിലൂടെ സഞ്ചരിച്ച് ജൂലായ് 26ന് സെയിൻ നദിക്കരയിലെ ഉദ്ഘാടനച്ചടങ്ങിൽ എത്തിച്ചേരും.

## മെയ് 10

- അന്തരിച്ച ഫുട്ബോൾ ഇതിഹാസം ഡിയേഗോ മറഡോണയുടെ ലോകകപ്പ് ഗോൾഡൻ ബോൾ ട്രോഫി ലേലത്തിന് വയ്ക്കാൻ തീരുമാനിച്ചു. 1986 ലോകകപ്പിൽ അർജന്റീനയെ ചാംപ്യന്മാരാക്കിയ മറഡോണയുടെ മാസ്മരിക പ്രകടനത്തിന്റെ തിരുശേഷിപ്പുകളിൽ ഒന്നായാണ് ഗോൾഡൻ ബോൾ ട്രോഫി വിശേഷിപ്പിക്കപ്പെടുന്നത്.

## മെയ് 11

- ഇന്ന് ദേശീയ സാങ്കേതിക ദിനം. രാജസ്ഥാനിൽ ഇന്ത്യൻ സൈന്യം നടത്തിയ ചരിത്രപ്രസിദ്ധമായ പൊഖ്റാൻ ആണവ പരീക്ഷണങ്ങളുടെ സ്മരണയ്ക്കായി മെയ് 11 ഇന്ത്യയിൽ ദേശീയ സാങ്കേതിക ദിനമായി ആചരിക്കുന്നത്.

## മെയ് 12

- യുകെയിലെ സൗത്ത് ലണ്ടനിലെ സറ്റണിൽ താമസിക്കുന്ന മലയാളി ദമ്പതികളുടെ പുത്രനും ആറാം ക്ലാസ് വിദ്യാർഥിയുമായ ധ്രുവ് പ്രവീൺ 'മെൻസ'യിൽ ഇടം നേടി. ഉയർന്ന ഐക്യൂ ഉള്ളവർക്ക് ഒരുമിച്ച് വരാനും അവരുടെ ബൗദ്ധിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് മെൻസ്.

## മെയ് 13

- ഫെഡറേഷൻ കപ്പ് സീനിയർ അത്‌ലറ്റിക്സിന്റെ ഒന്നാംദിനത്തിൽ ട്രിപ്പിൾ ജംപിൽ ആന്ധ്ര താരം. നാടകീയ വിജയം കൈവരിച്ചു. തൃശൂർ ചേലക്കര സ്വദേശിനിയായ ഷീന വെള്ളി നേടിയപ്പോൾ (13,32 മീറ്റർ) എറണാകുളം രവിപുരം സ്വദേശിനി ഗായത്രി ശിവകുമാറിലൂടെ (13.08) വെങ്കലവും കേരളത്തിന് കിട്ടി.

## മെയ് 14

- ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിൽ മലയാളി താരം നയന ജെയിംസിന് സ്വർണം. പേരാമ്പ്രക്കാരിയായ നയന ജെയിംസ് 6.53 മീറ്റർ ചാടിക്കടന്നു. ഷൈലി സിങ്ങിന് 6.34 മീറ്റർ ദൂരം താണ്ടി രണ്ടാമതായി. വനിതാ ഷോട്ട്പുട്ടിൽ ആഭാ ഖാട്ടുവ ദേശീയ റിക്കാർഡ് സ്ഥാപിച്ചതാണ് ഫെഡറേഷൻ കപ്പ് രണ്ടാം ദിനത്തിലെ മറ്റൊരു സംഭവം.

## മെയ് 15

- ഇന്ന് അന്താരാഷ്ട്ര കുടുംബ ദിനം. കുടുംബങ്ങളെ ബാധിക്കുന്ന സാമൂഹികവും ജനസംഖ്യാപരവും സാമ്പത്തികവുമായ ഘടകങ്ങളെ കുറിച്ച് അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും മെയ് 15 ന് ലോകമെമ്പാടുമുള്ള ആളുകൾ അന്താരാഷ്ട്ര കുടുംബദിനം ആചരിക്കുന്നു. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൻെറ പ്രാധാന്യം ഉയർത്തിക്കാട്ടുക എന്ന ധർമ്മവും അന്താരാഷ്ട്ര കുടുംബദിനത്തിനുണ്ട്.

## മെയ് 16

- ഇന്ന് അന്താരാഷ്ട്ര പ്രകാശ ദിനം. യുനെസ്കോയുടെ ഇൻററനാഷണൽ ബേസിക് സയൻസ് പ്രോഗ്രാം (I.B.S.P.) ഐക്യരാഷ്ട്രസഭയെ പ്രതിനിധീകരിച്ച് ദിനാചരണം ഏകോപിപ്പിക്കുന്നു.
- ചരിത്രനേട്ടത്തിൽ ഇന്ത്യയുടെ ഒളിംപിക് സ്വർണ മെഡൽ ജേതാവ് നീരജ് ചോപ്ര. ലോക അത്‌ലറ്റിക് പുരുഷ ജാവലിൻ ത്രോയിൽ ലോക ഒന്നാം നമ്പർ താരമായി മാറി നീരജ് ചോപ്ര. ചരിത്രത്തിലാദ്യമായാണ് ഒരു ഇന്ത്യൻ താരം ജാവലിൻ ത്രോ ലോകറാങ്കിങ്ങിൽ ഒന്നാമതെത്തുന്നത്.
- സ്പേസിലെത്തുന്ന രണ്ടാമത്തെ ഇന്ത്യൻ പൗരനായി ആന്ധ്രപ്രദേശ് വിജയവാഡ സ്വദേശി ഗോപിചന്ദ് തോട്ടക്കുറ. 1984 ൽ ഈ നേട്ടം കൈവരിച്ചത് റിട്ട. വിങ് കമാൻഡർ രാകേഷ് ശർമയാണ്. ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യൻ വിനോദസഞ്ചാരിയെന്ന പേരും ഇതോടൊപ്പം ഗോപിചന്ദിനായി.

## മെയ് 17

- ഇന്ന് വേൾഡ് ടെലികമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സൊസൈറ്റി ദിനം. 1969 മുതൽ ഇത് വർഷം തോറും ആഘോഷിക്കപ്പെടുന്നു.
- 2027 ഫിഫ വനിതാ ലോകകപ്പ് ഫുട്ബോളിന് ആതിഥ്യമരുളാൻ ബ്രസീൽ. ബെൽജിയം, നെതർലൻഡ്സ്, ജർമനി രാജ്യങ്ങളെ മറികടന്നാണ് ബ്രസീൽ യോഗ്യത നേടിയത്. ഇതോടെ വനിതാ ലോകകപ്പ് നടത്തുന്ന ആദ്യ ദക്ഷിണ അമേരിക്കൻ രാജ്യമായി ബ്രസീൽ മാറും.

## മെയ് 18

- ഇന്ന് അന്താരാഷ്ട്ര മ്യൂസിയം ദിനം. മ്യൂസിയത്തെക്കുറിച്ചും സമൂഹത്തിൽ അതിൻെറ പങ്കിനെക്കുറിച്ചും അവബോധം വളർത്തുന്നതിനായാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ വർഷത്തെ തീം, 'വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമുള്ള മ്യൂസിയങ്ങൾ' എന്നതാണ്.

## മെയ് 19

- മലയാള പുരസ്കാര സമിതിയുടെ സമഗ്ര സംഭാവനക്കുള്ള (ബഹുമുഖ പ്രതിഭ - ചലച്ചിത്ര രംഗം ) 'മലയാള പുരസ്കാരം 1199' മധുവിന് സമ്മാനിച്ചു. മലയാള പുരസ്കാര സമിതിയുടെ സ്ഥാപകനും, ജനറൽ സെക്രട്ടറിയുമായ ഇസ്മായിൽ കൊട്ടാരപ്പാട്ട് പൊന്നാടയും, ബി. എൽ ഷാജഹാൻ (ഡെപ്യൂട്ടി കമ്മിഷണർ സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസ് സ് ടാക്സ് ഡിപ്പാർട്മെന്റ് തിരുവനന്തപുരം) മൊമെന്റേയും, ചലച്ചിത്ര സംവിധായകൻ ഉമർ അബു പ്രശസ്തി പത്രവും നൽകി ആദരിക്കുകയുണ്ടായി.
- ഡ്യൂക്ക് ഹ്യൂമൻ വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകർ എച്ച്.ഐ.വിക്കെതിരായ ആന്റിബോഡികൾ വികസിപ്പിച്ചെടുത്തു. ഈ ആന്റി ബോഡികൾക്ക് രക്തചംക്രമണം ചെയ്യുന്ന എച്ച്ഐവി സ്ട്രെയിനുകൾ വഴി അണുബാധയെ തടയാൻ സാധിക്കുമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് അവകാശപ്പെടുന്നു.

## മെയ് 20

- ഏഷ്യൻ റിലേ ചാമ്പ്യൻഷിപ്പിൽ 4X400 മീറ്റർ മിക്സഡ് റിലേയിൽ ഇന്ത്യക്ക് ദേശീയ റെക്കോഡോടെ സ്വർണം. ബാങ്കോക്കിൽ നടന്ന കന്നി ചാമ്പ്യൻഷിപ്പിലാണ് ഇന്ത്യൻ താരങ്ങളുടെ നേട്ടം. ദേശീയ റെക്കോഡാണിത്.ശ്രീലങ്ക രണ്ടാമതും വിയറ്റ്നാം മൂന്നാമതും എത്തി. ആദ്യ 16 സ്ഥാനക്കാർക്ക് മാത്രമേ പാരീസ് ഒളിമ്പിക്സിൽ പ്രവേശിക്കാനാവൂ.
- ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 400 മീറ്റർ ടി20 വിഭാഗത്തിൽ ലോക റെക്കോഡോടെ സ്വർണം നേടി ഇന്ത്യയുടെ ദീപ്തി ജീവൻജി. തുർക്കിയുടെ ഐസൽ ഒൻഡർ രണ്ടാമതും എക്വഡോറിന്റെ ലിസൻഷെല ആങ്കുലോ മൂന്നാമതും ഫിനിഷ് ചെയ്തു.

## മെയ് 21

- രാജ്യാന്തര ബുക്കർ പുരസ്കാരം ജർമൻ എഴുത്തുകാരി ജെന്നി ഏർപെൻബെക്കിന്. 'കെയ്റോസ്' എന്ന നോവലിനാണ് പുരസ്കാരം. ബുക്കർ സമ്മാനം നേടുന്ന ആദ്യ ജർമൻ എഴുത്തുകാരിയാണ് ജെന്നി ഏർപെൻബെക്ക്. ജോർജി ഗോസ്പിഡനോയുടെ 'ടൈം ഷെൽട്ടർ' എന്ന നോവലിനായിരുന്നു കഴിഞ്ഞ വർഷത്തെ രാജ്യാന്തര ബുക്കർ സമ്മാനം.

## മെയ് 22

- ജവഹർലാൽ നെഹ്റു സർവകലാശാലയിലെ (ജെഎൻയു) ഒരു സംഘം ശാസ്ത്രജ്ഞർ മലേറിയയ്ക്കെതിരായ കൂടുതൽ ഫലപ്രദമായ വാക്സിൻ കാൻഡിഡേറ്റ് കണ്ടെത്തി. ജെഎൻയുവിലെ സ്പെഷ്യൽ സെൻറർ ഫോർ മോളിക്യുലാർ മെഡിസിനിലെ പ്രൊഫ. ഷൈൽജ സിംഗ്, പ്രൊഫ. ആനന്ദ് രംഗനാഥൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ഗവേഷണമാണ് ഈ വിജയകരമായ വാക്സിന് പിന്നിലുള്ളത്.

## മെയ് 23

- ഡൽഹി, മുംബൈ, ചെന്നെ ഉൾപ്പെടെയുള്ള വൻനഗരങ്ങളേക്കാൾ ജീവിക്കാൻ മികച്ചതു തിരുവനന്തപുരം, കോട്ടയം, തൃശൂർ, കൊച്ചി നഗരങ്ങളാണെന്ന് ഓക്സ്ഫഡ് ഇക്കണോമിക്സ് ഗ്ലോബൽ സിറ്റീസ് ഇൻഡക്സ്. സാമ്പത്തിക സാഹചര്യങ്ങൾ, മനുഷ്യ മൂലധനം, ജീവിതനിലവാരം, പരിസ്ഥിതി, ഭരണം എന്നീ 5 മേഖലകളിൽ പഠനം നടത്തിയാണു ഓക്സ്ഫഡ് ഇക്കണോമിക്സ് ലോകത്തിലെ 1000 നഗരങ്ങളെ ഉൾപ്പെടുത്തി സൂചിക തയാറാക്കിയത്. ഇതിൽ ജീവിതനിലവാരം എന്ന ഘടകത്തിലാണ് കേരളത്തിലെ നഗരങ്ങൾ പട്ടികയിൽ മുന്നിലെത്തിയത്. നഗരങ്ങളിലെ സാമ്പത്തിക ആരോഗ്യ സുസ്ഥിതി, ജീവിത സൗകര്യങ്ങളുടെ ലഭ്യത, കുടിയേറിപ്പാർക്കാൻ പ്രേരിപ്പിക്കുന്ന ആകർഷകത്വം, താമസച്ചെലവു കുറവ്, വിനോദ-സാംസ്കാരിക അവസരം, ഇന്റർനെറ്റ് സ്പീഡ് എന്നിവയൊക്കെ കണക്കാക്കി തയാറാക്കിയതാണ് പട്ടിക.

## മെയ് 24

- ലോകത്തിലെ ഏറ്റവും ഉയരം കൂടിയ നിരീക്ഷണ കേന്ദ്രം ചിലിയിൽ തുറന്നു. ഏറ്റവും ഉയരമുള്ള ദൂരദർശിനിയായി ടോക്കിയോ യൂണിവേഴ്സിറ്റി ഓഫ് അറ്റകാമ ഒബ്സർവേറ്ററി. 18500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ അത്യാധുനിക നിരീക്ഷണാലയത്തിന് 6.5 മീറ്റർ വ്യാസമുള്ള ദൂരദർശിനിയുണ്ട്.
- സീറോ വേസ്റ്റ് ടു ലാൻഡ്ഫിൽ (ZWL) എന്ന അഭിമാനകരമായ അംഗീകാരം നേടിയ ഇന്ത്യയിലെ ആദ്യത്തെ വിമാനത്താവളമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ചരിത്രം സൃഷ്ടിച്ചു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി സെൻറർ ഓഫ് എക്സലൻസ് ഫോർ സസ്റ്റൈനബിൾ ഡെവലപ്മെൻറിൽ നിന്നാണ് ഈ അഭിനന്ദനം വരുന്നത് , ഇത് പാരിസ്ഥിതിക ഉത്തരവാദിത്തമുള്ള പ്രവർത്തനങ്ങളോടുള്ള വിമാനത്താവളത്തിൻെറ പ്രതിബദ്ധത സ്ഥിരീകരിക്കുന്നു.

## മെയ് 25

- ഇന്ത്യൻ വംശജനായ യുഎസ് ശാസ്ത്രജ്ഞൻ ശ്രീനിവാസ് ആർ. കുൽക്കർണിക്ക് 2024 -ലെ ജ്യോതിശാസ്ത്രത്തിനുള്ള ഷാ പ്രൈസ് ലഭിച്ചു. മില്ലിസെക്കൻഡ് പൾസാറുകൾ, ഗാമാ-റേ പൊട്ടിത്തെറികൾ, സൂപ്പർനോവകൾ എന്നിവയെ കുറിച്ചുള്ള വിപ്ലവകരമായ കണ്ടുപിടുത്തങ്ങൾക്കുള്ളതാണ് ഈ അഭിമാനകരമായ അംഗീകാരം.

## മെയ് 26

- കപ്പൽ നിർമാണശാലയായ കൊച്ചിൻ ഷിപ്‌യാർഡിന്. യുകെയിലെ നോർത്ത് സ്റ്റാർ ഷിപ്പിങ്ങിൽനിന്ന് 60 ദശലക്ഷം യൂറോയുടെ (ഏകദേശം 540 കോടി രൂപ) പുതിയ കരാർ ലഭിച്ചു. യുകെയിലെ സഫോക്ക് തീരത്ത് സ്ഥിതി ചെയ്യുന്ന വിൻഡ് ഫാമിൽ വിന്യസിക്കുന്നതിനായുള്ള ഹൈബ്രിഡ് സർവീസ് ഓപ്പറേഷൻ വെസ്സൽസ് (എസ്ഒവി) നിർമിക്കുന്നതിനുള്ള കരാറാണിത്.

## മെയ് 27

- ഏഷ്യൻ സീനിയർ ജിംനാസ്റ്റിക്സ് ചാംപ്യൻഷിപ്പിൽ ഇന്ത്യയുടെ ദിപ കർമാകർക്കു ചരിത്രനേട്ടം. വനിതാ വോൾട്ട് വിഭാഗത്തിൽ സ്വർണം നേടിയ ദിപ, ഏഷ്യൻ സീനിയർ ജിംനാസ്റ്റിക്സിൽ ജേതാവാകുന്ന ആദ്യ ഇന്ത്യൻ താരമായി.

## മെയ് 28

- സംസ്ഥാനത്ത് ഈ വർഷം മുതൽ കീം എൻജിനീയറിംഗ്. ഫാർമസി പ്രവേശനപരീക്ഷകൾ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചു. സർക്കാർ സ്ഥാപനമായ സി-ഡിറ്റ് ആണ് ഓൺലൈൻ പരീക്ഷയ്ക്കായുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ചത്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്ര വിപുലമായ രീതിയിൽ ഓൺലൈൻ പരീക്ഷ നടത്തുന്നത്.

## മെയ് 29

- ഇന്ന് അന്താരാഷ്ട്ര എവറസ്റ്റ് ദിനം. 1953 -ൽ എവറസ്റ്റ് കൊടുമുടി കീഴടക്കിയ ആദ്യ വ്യക്തികളായ നേപ്പാളിലെ ടെൻസിങ് നോർഗെയുടെയും ന്യൂസിലൻഡിലെ എഡ്മണ്ട് ഹിലാരിയുടെയും സ്മരണയ്ക്കായാണ് ലോകം അന്താരാഷ്ട്ര എവറസ്റ്റ് ദിനം ആചരിക്കുന്നത്.
- എയർ ടു സർഫേസ് ആന്റി റേഡിയേഷൻ സൂപ്പർസോണിക്ക് മിസൈലായ രുദ്രം-2 ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. നാലു വർഷങ്ങൾക്ക് മുൻപാണ് രുദ്രം മിസൈലിന്റെ ആദ്യ പതിപ്പായ രുദ്രം -1 ആദ്യമായി പരീക്ഷിച്ചത്. ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്പ്മെൻറ് ഓർഗനൈസേഷനാണ് (ഡിആർഡിഒ) മിസൈൽ വികസിപ്പിച്ചത്.

## മെയ് 30

- ഇന്ത്യൻ സ്വകാര്യ ബഹിരാകാശ കമ്പനിയായ അഗ്നികുൽ കോസ്മോസിന്റെ അഗ്നിബാൻ റോക്കറ്റ് വിജയകരമായി പരീക്ഷിച്ചു. സെമി ക്രയോജനിക് എൻജിൻ ഉപയോഗിച്ചുള്ള ഇന്ത്യയുടെ ആദ്യ പരീക്ഷണമാണിത്. പൂർണമായും തദ്ദേശീയമായി നിർമിച്ചതാണ് അഗ്നിബാൻ സബ് ഓർബിറ്റൽ ടെക്ക് ഡെമോൺസ്ട്രേറ്റർ എന്ന റോക്കറ്റ്.

## മെയ് 31

- നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്ന ലോകത്തിലെ ഏറ്റവും വലിയ ബാക്ടീരിയ കണ്ടെത്തി. ഫ്രാൻസിന്റ കിഴക്കുള്ള ദ്വീപസമൂഹമായ ഗ്വാദെലൂപിസെ ചതുപ്പിൽ നിന്നാണ് ഇത് കണ്ടെത്തിയത്. ഗ്വാദെലൂപിലെ ഫ്രഞ്ച് വെസ്റ്റ് ഇൻഡീസ് ആന്റ് ഗിയാന സർവകലാശാലയിലെ മറൈൻ ബയോളജി പ്രഫസർ ഒലിവർ ഗ്രോസ് ആണ് ഈ ബാക്ടീരിയത്തെ കണ്ടെത്തിയത്.

(1-ാം പേജിൽ നിന്നും തുടർച്ച)

## മൗലവിയുടേയും ഡോക്ടറുടേയും രണ്ട് കാഴ്ച്ചപ്പാടുകൾ

മനുഷ്യൻ കഴിക്കുന്ന ആഹാര പാനീയങ്ങളെല്ലാം വിവിധ പോഷകങ്ങളും ഷുഗറും അയണും കാൽസ്യവും മറ്റ് വിറ്റാമിനുകളുമെല്ലാമായി മാറുകയാണല്ലോ. എന്നാൽ, താങ്കൾ ഏതെങ്കിലും മനുഷ്യശരീരത്തിൽ നിന്ന് കുറച്ച് പഞ്ചസാരയോ അയണോ കാൽസ്യമോ എടുത്ത് തരാമോ? പുറത്ത് നിന്ന് അതെല്ലാം ഞാനെടുത്ത് തരാം. ശരീരത്തിൽ നിന്ന് താങ്കൾ എടുത്തു തരുമോ?

ഇതു കേട്ട ഡോക്ടർ ഇല്ലാ എന്ന് തലയാട്ടി. 'അപ്പോൾ താങ്കൾ പ്രചരിപ്പിക്കുന്നതും അസത്യമല്ലേ?' മൗലവി തിരിച്ചു ചോദിച്ചു.

'അങ്ങനെയല്ല'. ഡോക്ടർ പറഞ്ഞു: അത് ബാഹ്യമായ പഞ്ചസാരയോ ഉപ്പോ അയണോ കാൽസ്യമോ ഒന്നുമല്ല. അത് തികച്ചും വ്യത്യസ്തമായതാണ് .

അപ്പോൾ മൗലവി പറഞ്ഞു: അതെ. അതുതന്നെയാണ് എനിക്കും പറയാനുള്ളത്. ബാഹ്യമായ കാഴ്ച കൊണ്ട് കാണാനോ, ചിന്തകൊണ്ട് ഉൾക്കൊള്ളാനോ കഴിയാത്ത തികച്ചും വ്യത്യസ്തമായ ഒന്നാണ് പരലോകം. 'ആഖിറത്ത്' എന്ന വാക്ക് കൊണ്ടാണ് വിശുദ്ധ ഖുർആൻ പരലോകത്തെ വിശേഷിപ്പിച്ചത്. സാമാന്യ യുക്തികൊണ്ടോ, ബുദ്ധികൊണ്ടോ ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നല്ല അത്. തികച്ചും ഭൗതികാതീതമാണത്.

ആരോഗ്യ വിഷയങ്ങളിൽ ഡോക്ടർമാരെ നാം ആധികാരികമായി അംഗീകരിക്കുന്നത് പോലെ, പരലോക വിഷയത്തിൽ പ്രവാചകൻമാരെ നാം ആധികാരികമായി അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. അവരാണ് മരണത്തിന്റെ മുഖങ്ങളെ സംബന്ധിച്ചും പരലോകത്തിന്റെ നിഗൂഢതയെക്കുറിച്ചുമെല്ലാം നമ്മെ ബോധ്യപ്പെടുത്തിയത്.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു




രാജൻ. ഡി




ഡോ. ഷമീർ ഒറ്റത്തൈക്കൽ




ഡോ. പി. ജെ. ജോസഫ്




ഡോ. അനുകൃഷ്ണ

### രാജൻ. ഡി

ആലപ്പുഴ നൂറനാട് സ്വദേശി. ഇൻഡോ ടിബറ്റൻ ബോർഡർ പോലീസിന്റെ യൂണിറ്റിൽ ജോലി നേടുകയും അവിടെനിന്ന് എം.എസ്.എം.ഇ. രജിസ്ട്രേഷൻ എടുത്ത് നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ 84 രാജ്യങ്ങളിലേയ്ക്കുള്ള ആർമി യൂണിഫോം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ലൈസൻസ് കരസ്ഥമാക്കുകയും അതെല്ലാം നിർമ്മിച്ചു നൽകുകയും ചെയ്തു. ജി-20 ഉച്ചകോടിയിൽ ആദ്യ മീറ്റിംഗിൽ പങ്കെടുത്തു. തായ്ലാന്റിലെ എക്സ്പോ മീറ്റിംഗ്, ആസ്ട്രേലിയ ഇന്ത്യ ബിസിനസ്സ് മീറ്റിംഗ്, ഇന്ത്യ എം.എസ്.എം. മീറ്റിംഗ്, ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സ് നെതർലന്റ് മീറ്റിംഗ്, ഇസ്രയേൽ മീറ്റിംഗ്, ഇന്ത്യ ദുബായ് നോർക്ക മീറ്റിംഗ്, എഫ്.ഐ.സി.സി.ഐ. ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സിന്റെ എം.എസ്.എം.ഇ മീറ്റിംഗ്, സെൻട്രൽ ഗവൺമെന്റ് ജി.എസ്.ടി കൗൺസിൽ മീറ്റിംഗ് തുടങ്ങി പ്രധാനപ്പെട്ട മീറ്റിംഗുകളിൽ പങ്കെടുത്തിട്ടുണ്ട്. എഫ്.ഐ.സി.സി.ഐ കേരള അവാർഡ്, വിശ്വഹിന്ദു പരിഷത്ത്, ആലപ്പുഴ വ്യവസായ വകുപ്പ് അവാർഡ്, തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചു. ആലപ്പുഴ ജില്ലയിലെ മീഡിയ പ്രസ് ക്ലബ്ബ് അക്കാഡമിയുടെ പ്രസിഡന്റായി പ്രവർത്തിച്ചുവരുന്നു.

### ഡോ. ഷമീർ ഒറ്റത്തൈക്കൽ

തൃശൂർ കൊടുങ്ങല്ലൂർ സ്വദേശി. ബാല്യത്തിൽ തന്നെ ചിത്രങ്ങൾ വരച്ചു തുടങ്ങി. ഗായകൻ, സംവിധായകൻ, അഭിനേതാവ്, ഫോട്ടോഗ്രാഫർ, സിനിമാട്ടോഗ്രാഫർ, സാഹിത്യകാരൻ, സംഗീത സംവിധായകൻ, മിമിക്രി ആർട്ടിസ്റ്റ്, സൗണ്ട് എഞ്ചിനീയറിംഗ്, എഡിറ്റിംഗ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. വിവിധ വിഭാഗങ്ങളിലായി എട്ടിൽ കൂടുതൽ ഡോക്ടറേറ്റുകൾ നേടിയിട്ടുണ്ട്. ബെസ്റ്റ് എഡിറ്റർ അവാർഡ്, ബെസ്റ്റ് പബ്ലിസിറ്റി ബിൽഡർ അവാർഡ്, സോഷ്യൽ കമ്മിറ്റ്മെന്റ് അവാർഡ്, യു.എ.ഇ എക്സലൻസ് അവാർഡ് തുടങ്ങി നൂറിലേറെ അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. നിലവിൽ ഷാർജയിലെ ഒരു ഗവൺമെന്റ് സ്ഥാപനത്തിൽ മീഡിയ സ്പെഷ്യലിസ്റ്റ് ആയി ജോലി ചെയ്തുവരുന്നു.

### ഡോ. പി. ജെ. ജോസഫ്

തിരുവനന്തപുരം വഴയില സ്വദേശി. 1985-ൽ എസ്.എ.പി ക്യാമ്പിൽ അസിസ്റ്റന്റ് സർജൻ ആയി തുടക്കം. എസ്.എ.പി ക്യാമ്പിലെ പ്രഥമ ഡോക്ടർ. പതിനൊന്ന് വർഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പാനീയചികിത്സാവിഭാഗത്തിൽ സേവനം ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ ശുപാർശയിൽ ലോക ആരോഗ്യസംഘടനയുടെ ഫെല്ലോഷിപ്പ് അവാർഡ് ലഭിച്ചു. കേരള കുടുംബക്ഷേമ വകുപ്പിൽ മെഡിക്കൽ ഓഫീസർ ആയി സേവനം ചെയ്തു. ട്രൈബൽ പ്രോജക്ട് ഓഫീസറായും പ്രവർത്തിച്ചു. നാഷണൽ ഹെൽത്ത് മിഷൻ മെഡിക്കൽ ഓഫീസറായി പ്രവർത്തിച്ചു. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മെഡിക്കൽ ആഫീസറായി രണ്ട് വർഷം സേവനം ചെയ്തിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ ഇടപെടുന്നു. അനേക സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് ആരോഗ്യ സംബന്ധമായ ബോധവൽക്കരണം നടത്തിവരുന്നു.

### ഡോ. അനുകൃഷ്ണ

തൃശ്ശൂർ കൊടകര സ്വദേശി. മെക്കാനിക്കൽ എഞ്ചിനീയർ, സാമൂഹ്യ പ്രവർത്തകൻ. പീപ്പിൾ ഫോറം ഓഫ് ഇന്ത്യ സൗത്ത് ഇന്ത്യൻ വൈസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. അമേരിക്കയിലെ ഇന്റർനാഷണൽ തമിഴ് യൂണിവേഴ്സിറ്റിയിൽ നിന്ന് ആൾട്ടർനേറ്റീവ് മെഡിസിനിലും, സോഷ്യൽ സർവ്വീസിലും ഹ്യൂമിനിറ്റിയിലും ഡോക്ടറേറ്റ് എടുത്തതിന് യുണൈറ്റഡ് നേഷൻ ഇന്റർ നാഷണൽ പീസ് കൗൺസിലിൽ നിന്ന് ഡോ. എ.പി.ജെ അബ്ദുൾ കലാം അവാർഡും അമേരിക്കയിൽ നിന്ന് തന്നെ ദ പ്രിസ്റ്റീജിസ് അബ്രഹാം ലിങ്കൻ എക്സലൻസ് അവാർഡും നേടിയിട്ടുണ്ട്. രക്തദാന ക്യാമ്പ് സംഘടിപ്പിക്കുക, സൗജന്യ ഹെൽത്ത് ക്യാമ്പ് സംഘടിപ്പിക്കുക, നിരാലംബരായവർക്ക് വൈദ്യസഹായം നൽകുക, ഫുഡ് ബാങ്കുകൾ സ്ഥാപിക്കുക, തൊഴിൽ പരിശീലനം, മൈക്രോ ഫിനാൻസ് സംരംഭങ്ങൾ, അല്ലെങ്കിൽ സംരംഭകത്വ പരിപാടികൾ എന്നിവയിലൂടെ സാമ്പത്തിക ശാക്തീകരണത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക, ഓപ്പറേഷന് വേണ്ടി ധനസഹായങ്ങൾ, പുനർ നിർമ്മാണ പിന്തുണ തുടങ്ങിയ ദുരന്ത നിവാരണ പ്രവർത്തനങ്ങളും നൽകി വരുന്നു.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



സാബു വർഗ്ഗീസ്



എസ്. ജ്യോതിസ് ചന്ദ്രൻ



ഡോ. പി. കൃഷ്ണകുമാർ



ശോഭന ശിവാനന്ദൻ



കൃഷ്ണപ്രിയ

### സാബു വർഗ്ഗീസ്

തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി. അഭിനേതാവ്, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ കൂടുതൽ ശ്രദ്ധനേടിയ സീരിയലുകൾ മഴവിൽ മനോരമയിലെ ഭ്രമണം, ഏഷ്യാനെറ്റിലെ മൗനരാഗം എന്നിവയാണ്. ആദ്യ സിനിമ സുരേഷ് ഗോപി നായകനായ കന്യാകുമാരി സെവൻസ് സീരിയലുകളിലും സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. ഇതുകൂടാതെ മികച്ച ഒരു സാമൂഹ്യ പ്രവർത്തകൻ കൂടിയാണ് ഇദ്ദേഹം.

### എസ്. ജ്യോതിസ് ചന്ദ്രൻ

കഴക്കൂട്ടം ജ്യോതിസ് സെൻട്രൽ സ്കൂളിന്റെ ചെയർമാൻ. 2004 ൽ തുടങ്ങിയ ഈ സ്കൂൾ പല കാര്യങ്ങളിലും ഏറ്റവും ആധുനികമായ പഠനകേന്ദ്രമാണ്. ആത്മസമർപ്പണവും കഠിനാധ്വാനവും ജീവിതവ്രതമാക്കിയ ഇദ്ദേഹം ധാരാളം പ്രസ്ഥാനങ്ങളിലെ ഉപദേശക സമിതികളിലും മറ്റ് സുപ്രധാന പദവികളും അലങ്കരിച്ച് വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിലുള്ള കഠിനപ്രയത്നത്തിലാണ്

### ഡോ. പി. കൃഷ്ണകുമാർ

1980 മുതൽ കോളേജ് അധ്യാപകൻ. 2012-ൽ തിരുവനന്തപുരം എം.ജി. കോളേജിലെ എക്കണോമിക്സ് വകുപ്പ് മേധാവിയായി വിരമിച്ചു. ഇപ്പോൾ ലോ അക്കാദമിയിൽ എക്കണോമിക്സ് പ്രൊഫസർ. ആകെ 44 വർഷത്തെ അധ്യാപന ജീവിതം. പ്ലാനിംഗ് ബോർഡ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്. ഇളട തുടങ്ങിയ സ്ഥാപനങ്ങളിൽ ഗവേഷണ പ്രോജക്ടുകൾ ചെയ്തിട്ടുണ്ട്. രാജീവ്ഗാന്ധി ഇൻസ്റ്റിട്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡിസിലെ ഓണററി പ്രൊഫസറാണ്. ബി.എസ്.എസ്സിന്റെ പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് കൗൺസിൽ സെക്രട്ടറിയും ആണ്.

### ശോഭന ശിവാനന്ദൻ

കൊല്ലം കുണ്ടറ സ്വദേശി. സാമൂഹ്യ പ്രവർത്തക പാചക വിദഗ്ദ്ധ. പല ചാനലുകളും നടത്തിയ കുക്കറിഷോകളിൽ ഒന്നാം സമ്മാനം ലഭിച്ചിട്ടുണ്ട്. കൈരളി ടിവി നടത്തിയ കുക്കറി മത്സരത്തിൽ കൊല്ലം പാചകറാണിയായി സമ്മാനം ലഭിച്ചു. ധാരാളം സ്ഥലങ്ങളിൽ പഠിപ്പിച്ചിട്ടുണ്ട്. എസ്.എൻ.ഡി.പി. യൂണിയന്റെ 57 ശാഖയുടെ വനിതാസംഘം സെക്രട്ടറിയായി 7 വർഷവും പ്രസിഡന്റായി 9 വർഷവും പ്രവർത്തിച്ചു. നിലവിൽ കേന്ദ്ര കമ്മറ്റി അംഗമാണ്. എസ്.എൻ.ഡി.പി. പ്രവർത്തനം പൊതു പ്രവർത്തനം, ഗാന്ധിഭവൻ പ്രവർത്തനം തുടങ്ങിയവയിൽ സജീവമാണ്. കുടുംബശ്രീ പ്രസിഡന്റ്, നെടുമ്പന പഞ്ചായത്തിന്റെ വയോജന ക്ലബ്ബിന്റെ പ്രസിഡന്റ്, പകൽവീടിന്റെ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

### കൃഷ്ണപ്രിയ

തിരുവനന്തപുരം പി.ടി.പി. നഗർ സ്വദേശി. കേരളത്തിൽ അപൂർവ്വമായ മിക്സഡ് മീഡിയ പെയിന്റിംഗ് ചിത്രകാരി. ഗുജറാത്തിലെ ഭുജിൽ താമസിക്കുന്ന കാലത്താണ് മിക്സഡ് മീഡിയയുടെ ലോകത്തേയ്ക്ക് കടന്നു വരുന്നത്. സൗന്ദര്യത്തെ പുനർ നിർവചിക്കുകയും മനുഷ്യാനുഭവത്തെ ആഘോഷിക്കുകയും ചെയ്യുന്ന കലാസൃഷ്ടികൾ നടത്തുന്നു. എക്സിബിഷനുകളിൽ കലാസൃഷ്ടികൾ പ്രദർശിപ്പിക്കുകയും വിൽപ്പനയിൽ നിന്നുള്ള മുഴുവൻ വരുമാനവും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നൽകുകയും ചെയ്തു.



അനിത വിനോദ്



പീതാംബരൻ നീലിശ്വരം



ആറുമുഖൻ ടി. ആർ



കൃഷ്ണപ്രസാദ്



ഡോ. വാഴമുട്ടം ബി. ചന്ദ്രബാബു

### അനിത വിനോദ്

കണ്ണൂർ പിലാത്തറ സ്വദേശി നിലവിൽ മഹാരാഷ്ട്രയിൽ താമസം. പിന്നണി ഗായിക, ചാരിറ്റി പ്രവർത്തക, സംഗീത അദ്ധ്യാപിക, മലയാളം, ഹിന്ദി, ഗുജറാത്തി ഭാഷകളിലെ പിന്നണി ഗായിക, ആൽബങ്ങളിലും നിരവധി സ്റ്റേജ് ഷോകളിലും പാടിയിട്ടുണ്ട്. സംഗീതത്തിൽ ബിരുദം നേടിയ ശേഷം ഗുജറാത്തിൽ സംഗീത അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചുവരുന്നു. ഇന്ദിരാഗാന്ധി മെമ്മോറിയൽ താർപ ഫെസ്റ്റിവെൽ മെമ്മോറിയൽ അവാർഡ്, മാതൃഭൂമി അവാർഡ്, ഗുജറാത്ത് മലയാളി അസോസിയേഷൻ പുരസ്കാരം, ഫിലിം പുരസ്കാരം, സിൽവാസ ടാലന്റ് അവാർഡ്, ഗുജറാത്ത് താർപാ അവാർഡ്, ഇന്ദിരാഗാന്ധി മെമ്മോറിയൽ അവാർഡ് തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. മികച്ച ചാരിറ്റി പ്രവർത്തക കൂടിയാണ്.

### പീതാംബരൻ നീലിശ്വരം

എറണാകുളം നീലിശ്വരം സ്വദേശി. കഥാകൃത്ത്, ലേഖകൻ, നാടക രചയിതാവ് സുകുമാർ അഴിക്കോട് തത്വമസി സാഹിത്യഅക്കാദമി പ്രഥമ ജ്യോതിർഗമയ പുരസ്കാരം, ബഹറിൻ കേരളീയ സമാജം സംഘടിപ്പിച്ച നാടക മത്സരത്തിലും ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ബഹ്റിൻ വിശ്വകല സാംസ്കാരികവേദിയുടെ ട്രഡീഷണൽ വിംഗ് സെക്രട്ടറി, നാഷണൽ വിശ്വകർമ്മ ഫെഡറേഷൻ സംഘടനയുടെ എറണാകുളം ജില്ലാ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ് എന്നീ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ പ്രാണാ ബുക്സ് പ്രസിദ്ധീകരണ കമ്പനി ഉടമയാണ്.

### ആറുമുഖൻ ടി. ആർ

ആലപ്പുഴ താത്തംപ്പള്ളി സ്വദേശി. ചലച്ചിത്ര നടൻ, മിമിക്രി ആർട്ടിസ്റ്റ്, വേൾഡ് ഡ്രാമാറ്റിക് സ്റ്റഡി സെന്റർ ആന്റ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്നേഹാദരം, ജവഹർ ബാലഭവൻ പുരസ്കാരം, കേരള ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് സെൻട്രൽ ലോക്കൽ അസോസിയേഷൻ അവാർഡ്, മുനിസിപ്പൽ കൗൺസിൽ യുവജനമേള അവാർഡ്, കേരള യൂത്ത് ഫെസ്റ്റിവൽ അവാർഡ്, പാർത്ഥസാരഥി കലോത്സവ പുരസ്കാരം, കേരള ജേർണലിസ്റ്റ് പുരസ്കാരം, വ്യാപാരി വ്യവസായ സ്റ്റേറ്റ് പുരസ്കാരം, പ്രണവ് മോഹൻലാൽ ഫാൻസ് പുരസ്കാരം, ഓർഡിനറി ഫിലിം പുരസ്കാരം തുടങ്ങി ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിലവിൽ സ്മോൾ മാൻ അസോസിയേഷൻ ആലപ്പുഴ ജില്ലാ പ്രസിഡന്റ്.

### കൃഷ്ണപ്രസാദ്

നെയ്യാറ്റിൻകര കുന്നത്തുകാൽ സ്വദേശി. സംവിധായകൻ. 20 വർഷമായി സീരിയൽ രംഗത്ത് തുടർന്ന് വരുന്നു. മഞ്ഞിൽ വിരിഞ്ഞ പൂവ് 850 ഓളം എപ്പിസോഡിൽ അസോസിയേറ്റ് ഡയറക്ടറായും തുടർന്ന് ഡയറക്ടറായും പ്രവർത്തിച്ചുവരുന്നു. മികച്ച ചാരിറ്റി പ്രവർത്തകൻ കൂടിയാണ്. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### ഡോ. വാഴമുട്ടം ബി. ചന്ദ്രബാബു

തിരു. കോവളം വാഴമുട്ടം സ്വദേശി. ഗാനപ്രവീൺ ഉന്നതനിലയിൽ പാസ്സായി. ഇന്ത്യയിൽ ആദ്യമായി കർണ്ണാടക സംഗീതത്തിൽ മതമൈത്രി സംഗീതപരിപാടി 15 മണിക്കൂർ നടത്തി ലോകപ്രശസ്തി നേടി. അപ്രകാരം 650-ൽ പരം മതമൈത്രി സംഗീത സദസ്സ് ഇന്ത്യയിൽ നടത്തി. കർണ്ണാടക സംഗീത മതമൈത്രി സംഗീതത്തിൽ അനേകം പുരസ്കാരങ്ങൾ നേടി. ശ്രീനാരായണ മിഷൻ അവാർഡ്, സ്വരാഞ്ജലി പുരസ്കാരം, മതമൈത്രി പുരസ്കാരം തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. നിലവിൽ ആകാശവാണിയിൽ ബി ലെവൽ മ്യൂസിക് ഡയറക്ടറായി പ്രവർത്തിക്കുന്നു.



ട്രിവാൻഡ്രം വി. രവീന്ദ്രൻ



ഹരീഷ്കുമാർ എം. ടി.



അഡ്വ. പി. എം. ബിനു



ശരത് .എ. ഹരിദാസൻ



രജനി ഗണേഷ്

### ട്രിവാൻഡ്രം വി. രവീന്ദ്രൻ

മൃദംഗത്തിൽ ഗാനഭൂഷണവും ഗാനപ്രവീണും കരസ്ഥമാക്കിക്കൊണ്ട് എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ മ്യൂസിക് കരസ്ഥമാക്കി. കച്ചേരി അവതരിപ്പിച്ചിട്ടുണ്ട്. മ്യൂസിക് അക്കാദമി ചെന്നൈ, ഫൈനാൻസ് സൊസൈറ്റി ചെന്നൈ, ശ്രീ സ്വാതി തിരുനാൾ സംഗീതസഭ തിരുവനന്തപുരം, ചെന്നൈ മ്യൂസിക് ഗുരുവായൂർ എന്നീ സഭകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കാഞ്ചികാമകോടി ആസ്ഥാന വിദ്വാൻ 2010, മഹായോഗിനി ലളിതമ്മ സംഗീതപുരസ്ക്കാരം 2015, കലാനിധി ഗുരുപൂർണിമ പുരസ്കാരം 2014 സംഗീത രത്നപുരസ്കാരം 2017, രഘുവര പുരസ്കാരം 2022 എന്നിവ ലഭ്യമായിട്ടുണ്ട്.

### ഹരീഷ്കുമാർ എം. ടി.

മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ ഉൾപ്പെടെ 40 ലധികം ഗുഡ് സർവീസ് എൻട്രികൾക്ക് അർഹനായ പോലീസ് ഉദ്യോഗസ്ഥൻ. തിരു. പത്മതീർത്ഥകുളത്തിൽ മുങ്ങിത്താഴ്ന്ന് മരണത്തോട് മല്ലടിച്ചിരുന്ന വൃദ്ധമാതാവിനെ കരക്കെത്തിച്ചത് ഹരീഷാണ്. ഇത്തരം നിരവധി പ്രവർത്തനങ്ങൾ ഇദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിലുണ്ടായിട്ടുണ്ട്.

### അഡ്വ. പി. എം. ബിനു

പാറശ്ശാല സ്വദേശി. യുവ കർഷകൻ, കോളേജ് അദ്ധ്യാപകൻ, അഡ്വക്കേറ്റ്, കൗൺസലിംഗ് സൈക്കോളജിസ്റ്റ്, ദൂരദർശൻ ഉൾപ്പെടെ പല മാധ്യമങ്ങളിലും വിവിധങ്ങളായ വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകുന്നു. നിലവിൽ കേരള ലോ അക്കാദമിയിൽ അധ്യാപകനായും നിരവധി സ്കൂളുകളിലെ കൗൺസിലർ ആയും പ്രവർത്തിക്കുന്നു. ഇന്ത്യ പ്രൈം പ്രൊഫസർക്ക് അവാർഡ്, കൗമുദി ടീച്ചർ അദ്ധ്യാപക പുരസ്കാരം, മീഡിയ സിറ്റി ഗുരുശ്രേഷ്ഠ പുരസ്കാരം, കലാഭവൻ മണി പുരസ്കാരം, ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്റ്റഡി സെന്റർ ടീച്ചേഴ്സ് അവാർഡ്, സി. വി. രാമൻപിള്ള കമ്മമ്മേറഷൻ അവാർഡ് തുടങ്ങി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ശരത് .എ. ഹരിദാസൻ

പാലക്കാട് കൽപ്പാത്തി സ്വദേശി. ചലച്ചിത്രകാരനും, എഴുത്തുകാരനും, പ്രഭാഷകനുമാണ്. ഇന്ത്യയിലെ ആചാരങ്ങളും, അനുഷ്ഠാനങ്ങളും കാണിക്കുന്ന നിരവധി ഡോക്യുമെന്ററികൾ നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യൻ സംസ്കാരത്തെയും ചരിത്രത്തെയും കുറിച്ചുള്ള ഒരു ലക്ഷത്തിലധികം പഴയ പുസ്തകങ്ങളും, കൈയെഴുത്തു പ്രതികളും ശേഖരിച്ച് ഡിജിറ്റൽ കോപ്പികളാക്കി മാറ്റി. പ്രോജക്ട് അക്ഷരം എന്ന പ്രോജക്ടിന്റെ സ്ഥാപകൻ കൂടിയാണ്. കൃഷ്ണാസ് വിസ്പർ 18 മെഡിറ്റേഷൻസ്ഫോർ എ ലൈഫ് ഓഫ് പർപ്പസ് ആന്റ് പ്രോസ്പെരിറ്റി എന്ന പേരിൽ രചിച്ച പുസ്തകം ഒരു അന്താരാഷ്ട്ര ബെസ്റ്റ് സെല്ലറാണ്.

### രജനി ഗണേഷ്

കണ്ണൂർ പേരാവൂർ സ്വദേശി. കവയിത്രി, കഥാകൃത്ത്, ഗാനരചയിതാവ്, ലേഖിക, അഭിനേതാവ്, സംവിധായിക, പ്രഭാഷക, ടിവി ചാനലുകളിൽ രാമായണ പാരായണം നടത്താറുണ്ട്. രണ്ട് ഷോർട്ട് ഫിലിമുകളിൽ അഭിനയിച്ചു. ലഹരികൾക്കെതിരെ ഉള്ള കവിത സ്വന്തമായി എഴുതി പാടി സ്റ്റേജുകളിൽ അവതരിപ്പിക്കുന്നുണ്ട്. സൂര്യമുഖം മാസികയുടെ സബ് എഡിറ്ററാണ്. ലോകത്തിലെ ഏറ്റവും വലിയ പുസ്തകത്തിൽ എഴുതാനുള്ള അവസരം കിട്ടുകയും അത് ഗിന്നസ് ബുക്കിലേയ്ക്ക് പോവുകയും, ലണ്ടൻ ബുക്ക് ഓഫ് വേൾഡ് റെക്കാർഡ്, ഇന്ത്യൻ വേൾഡ് റെക്കാർഡ്, യൂണികോൺ വേൾഡ് റെക്കാർഡ്, ഏഷ്യ വേൾഡ് റെക്കാർഡ്, കേരള ബുക്ക് ഓഫ് റെക്കാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. സാഹിത്യ സാംസ്കാരിക മേഖലയിൽ ഇപ്പോഴും സജീവമാണ്.



കെ. സി. സതീഷ്കുമാർ



സുരേഷ്. കെ



ആർട്ടിസ്റ്റ് ജിനദേവൻ വെളിയനാട്



പ്രിൻസ് ജോൺസൻ



റീജ എം. പി

### കെ. സി. സതീഷ്കുമാർ

തിരുവനന്തപുരം ആനയറ സ്വദേശി. ക്രിക്കറ്റ്താരം സംസ്ഥാന രഞ്ചിട്രോഫി ക്രിക്കറ്റിൽ ഇടം നേടി. ഇന്ത്യൻ സൗത്ത് സോൺ അണ്ടർ 19 ടീമിലും പ്രതിനിധീകരിച്ചു. 2012 മുതൽ 2019 വരെ മലയാള സിനിമ സംവിധായകരുടെ ക്രിക്കറ്റ് ടീമിന്റെ കോച്ചായും പ്രവർത്തിച്ചു. 35 വർഷമായി റെയിൽവേ ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്നു. റെയിൽവേയുടെ കലാസാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. തിരുവനന്തപുരം റെയിൽവേയുടെ ആർട്സ് ക്ലബ്ബ് സെക്രട്ടറിയായും പ്രസിഡന്റായും നിരവധി വർഷം പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ ഇതിന്റെ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു.

### സുരേഷ്. കെ

തിരു: ഫോർട്ട് പോലീസ് സ്റ്റേഷനിൽ പബ്ലിക് റിലേഷൻ ഓഫീസറായി ജോലി ചെയ്തു വരുന്നു. ഡൽഹി പോലീസ് സേനയിൽ നിന്നും കേരള പോലീസ് സേനയിൽ ആന്റി ഗുണ്ടാ സ്പെഷ്യൽ സ്ക്വാഡിലേക്ക് നിയോഗിക്കപ്പെട്ടു. ദില്ലിയിലും കേരളത്തിലുമുള്ള മികച്ച പ്രവർത്തനത്തിന് ഒട്ടേറെ Good Service Entry യും ലഭിച്ചു. ധാരാളം ലേഖനങ്ങളും ചെറുകുറിപ്പുകളും എഴുതിയിട്ടുണ്ട്.

### ആർട്ടിസ്റ്റ് ജിനദേവൻ വെളിയനാട്

എറണാകുളം ആരക്കുന്നം സ്വദേശി. ചിത്രകലാരംഗത്ത് നാലരപതിറ്റാണ്ടായി പ്രവർത്തിക്കുന്നു. ചിത്രകലയിൽ ഗ്രൂപ്പ് ഡിപ്ലോമ നേടി. അതേ സ്ഥാപനത്തിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. കാൽ നൂറ്റാണ്ടിലേറെ ഒമാൻ, ദുബായ്, ഖത്തർ, ലബനോൻ, ജോർദ്ദാൻ, സൗദി തുടങ്ങിയ രാജ്യങ്ങളിൽ ഇന്റീരിയർ ഡിസൈനിംഗ് മേഖലയിൽ പ്രവർത്തിച്ചു. വീനസ് കലോത്സവ് വൈറ്റില പുരസ്കാരം, നായരമ്പലം സർഗ്ഗവേദി സാഹിത്യ പുരസ്കാരം, ലിവിംഗ് സ്പിരിറ്റ് ഖത്തർ നൽകിയ പുരസ്കാരം, ഇമ്മാനുവൽ റിവൈവൽ മിനിസ്ട്രി പുരസ്കാരം, നവഭാവന ചാരിറ്റബിൾ ട്രസ്റ്റ് തിരുവനന്തപുരം നൽകുന്ന കാവാലം നാരായണ പണിക്കർ പുരസ്കാരം, ചിത്രകലകൾക്ക് ഒമാൻ ബ്രിഡേഡിയർ നൽകിയ പുരസ്കാരം, മലയാള പുരസ്കാരം തുടങ്ങി ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ മികച്ച ഒരു കവികൂടിയാണ് ഇദ്ദേഹം.

### പ്രിൻസ് ജോൺസൻ

തിരുവനന്തപുരം വെള്ളനാട് സ്വദേശി. സിനിമ-സീരിയൽ-ആൽബം, അഭിനേതാവ്, നിർമ്മാതാവ്, സംവിധായകൻ, ഗായകൻ 12 വർഷമായി സിനിമ മേഖലയിൽ പ്രവർത്തിക്കുന്നു. ഫെഡറേഷൻ ഓഫ് ഗ്ലോബൽ ഫിലിം മേക്കേഴ്സിന്റെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി മെമ്പറായും സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. ജെ.സി. ഡാനിയേൽ ബെസ്റ്റ് പെർഫോമർ അവാർഡും, ജന്മനാടിന്റെ വിവിധ ആദരവുകളും ലഭിച്ചിട്ടുണ്ട്. നിലവിൽ ജെസി ഫിലിംസ് എന്നുള്ള സിനിമ പ്രൊഡക്ഷൻ കമ്പനി തുടങ്ങിയിട്ടുണ്ട്.

### റീജ എം. പി

വയനാട് അമ്പലവയൽ സ്വദേശി. സാമൂഹ്യ പ്രവർത്തക. നാഷണൽ ഹ്യൂമൻ റൈറ്റ്സ് ആൻഡ് ആന്റി കറപ്ഷൻ ഫോഴ്സ് എന്ന സംഘടനയിൽ ചേർന്ന് മനുഷ്യാവകാശ പ്രവർത്തനങ്ങൾ നടത്തുന്നു. നന്മമരം ഗ്ലോബൽ ഫൗണ്ടേഷൻ എന്ന സംഘടനയിൽ പ്രകൃതിക്കുവേണ്ടി നിലകൊള്ളുന്നു. പതിനഞ്ചുവർഷമായി പൊതുരംഗത്ത് പ്രവർത്തനം നടത്തുന്നു. ഇതിനോടകം നിരവധി അവാർഡുകൾ കരസ്ഥമാക്കി. കാമരാജ ഫൗണ്ടേഷൻ ഓഫ് ഇന്ത്യ, ഡി.കെ.ഡി.എഫ്, കാവ്യകൈരളി, നാഷണൽഹ്യൂമൻ റൈറ്റ്സ് തുടങ്ങിയ സംഘടനകളുടെ നല്ല പ്രവർത്തകർക്ക് ഉള്ള പുരസ്കാരം, രണ്ടായിരത്തി ഇരുപത്തി രണ്ടിൽ അംബേദ്കർ സേവ ശ്രീ നാഷണൽ അവാർഡ്, കേരള കൗമുദി അവാർഡ് ജസ്റ്റീസ് ശ്രീദേവി പുരസ്കാരം, നാഷണൽ ഹ്യൂമൻ റൈറ്റ്സ് ആന്റ് ആന്റി കറപ്ക്ഷൻ ഫോഴ്സ് നാഷണൽ അവാർഡ് എന്നിങ്ങനെ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



ഡോ. എൻ. വിജയകുമാർ



താരാ ലക്ഷ്മി



ഷീജാ വേണുഗോപാൽ



കൃഷ്ണകുമാർ



ബിന്ദു നായർ

### ഡോ. എൻ. വിജയകുമാർ

വൈദ്യശാസ്ത്ര ബിരുദങ്ങൾ കരസ്ഥമാക്കി. ആലുവ താലൂക്ക് ആശുപത്രിയിൽ ആർ.എ.ഒ. ആയി റീജണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സെന്ററിൽ (ആലുവ) മെഡിക്കൽ ഓഫീസർ. ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ പ്രസിഡന്റ്, ഐ.എം.എ കേരളാ സ്റ്റേറ്റ് കമ്മിറ്റി കൺവീനർ എക്സ് ഒഫീഷ്യോ, റെഡ്ക്രോസ് സൊസൈറ്റി - ആലുവ എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. ഗവ. ഓഫ് കേരളാ ബെസ്റ്റ് ഡോക്ടർ അവാർഡ്. കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്. കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് ഓഫ് മെറിറ്റ്. മിഷൻ ഗുഡ് ഗവർണർ അവാർഡ് 2004. ജായസി പ്രൊഫഷണൽ എക്സലൻസ് അവാർഡ് എന്നിവ കരസ്ഥമാക്കി.

### താരാ ലക്ഷ്മി

കൊല്ലം മയ്യനാട് സ്വദേശി. Blue Star Public School അധ്യാപികയായിരുന്നു. ജോലി നഷ്ടപ്പെട്ടപ്പോൾ തന്റെ ജീവിതാഭിലാഷമായിരുന്ന മാധ്യമപ്രവർത്തന രംഗത്തേയ്ക്ക് കടന്നു. പിന്നീട് ‘tharus world’ എന്ന U Tube Channel ആരംഭിച്ചു.

### ഷീജാ വേണുഗോപാൽ

തിരുവനന്തപുരം ചാലക്കുഴിയിൽ സ്ഥിതി ചെയ്യുന്ന അമ്മ ഹോം നെഴ്സിംഗ് സർവ്വീസിന്റെയും തിരുവനന്തപുരം വെസ്റ്റ് ഫോർട്ട് ചെമ്പകശ്ശേരിയിൽ നടത്തിവരുന്ന അമ്മ കെയർ ഹോമിന്റെയും മാനേജിംഗ് ഡയറക്ടർ. ഈ കഴിഞ്ഞ കൊറോണകാലത്തും അന്നംതേടി നടന്ന നൂറ് കണക്കിന് ആൾക്കാർക്ക് ഈ സ്ഥാപനങ്ങൾ ഒരഭയകേന്ദ്രമായിരുന്നു. അശരണർക്കും ആലംബഹീനർക്കും അഗതികൾക്കും അനാഥർക്കും താങ്ങും തണലും കരുതലുമാണ് ഈ ശരണാലയങ്ങൾ.

### കൃഷ്ണകുമാർ

പാലക്കാട് കുമ്പിടി സ്വദേശി. ഡയറക്ടർ വിവിധ ടെലിവിഷൻ സീരിയലുകളുടെ സംവിധാനം നിർവഹിക്കുന്നു. 2018-ലെ ബെസ്റ്റ് ഡയറക്ടിനുള്ള ജെ.സി. ഡാനിയേൽ ഫൗണ്ടേഷൻ അവാർഡ്, 2023-ലെ ബെസ്റ്റ് ഡയറക്ടർ അവാർഡ് കുടുംബശ്രീ ശാരദയ്ക്ക് ലഭിച്ചു. 2024-ലെ ബെസ്റ്റ് ഡയറക്ടർ കലാഭവൻ മണി സേവന സമിതി അവാർഡും തുടങ്ങിയവ ലഭിച്ചു.

### ബിന്ദു നായർ

വയനാട് കൽപ്പറ്റ സ്വദേശി. എഴുത്തുകാരി, തിരക്കഥാകൃത്ത്, സംവിധായിക, അഭിനേത്രി, ഡാൻസർ, സിനിമ, സീരിയൽ രംഗത്ത് എത്തിയിട്ട് 23 വർഷം ആയി. ഒരു സിനിമയും 13 ഷോർട്ടു ഫിലിമുകളും സംവിധാനം ചെയ്തു. അവാർഡുകൾ ധാരാളം കിട്ടിയിട്ടുണ്ട്. അവസാനം ഇറങ്ങിയ ഷോർട്ട് ഫിലിം വയനാടിന്റെ ചരിത്രം. ആ കുഞ്ഞു പ്രോജക്ടിന് വേൾഡ് റിക്കാർഡ് മുതൽ മലനാട് ടിവി ഇന്ത്യയുടെ വരെ നിരവധി പുരസ്കാരങ്ങൾ കിട്ടി. എഴുത്തുകാരിയെന്ന നിലയിൽ അക്ബർ കക്കട്ടിൽ പുരസ്കാരം നേടിയിട്ടുണ്ട്.



സെലിൻ സജി



രാരി കൃഷ്ണ


ടി. കെ. രേണുകാ സുരേന്ദ്രൻ



ഉഷ മോഹൻ


ലീല സന്തോഷ്

### സെലിൻ സജി

പത്തനംതിട്ട കുളനട സ്വദേശി. അഭിനേത്രി, വ്ളോഗർ, സാമൂഹ്യ പ്രവർത്തക, മെഡിക്കൽ സോഷ്യൽ വർക്കർ, വിവിധ സിനിമകളിലും പരസ്യചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്. ബസ്സിൻ കേരള സമാജം അവാർഡ്, വസായി ഫൈൻ ആർട്സ് സൊസൈറ്റി പുരസ്കാരം, നായർ വെൽഫെയർ അസ്സോസിയേഷൻ പുരസ്കാരം, അമേചർ ആർട്ടിസ്റ്റ് അസ്സോസിയേഷൻ പുരസ്കാരം തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### രാരി കൃഷ്ണ

കൊല്ലം പോളയത്തോട് സ്വദേശി. നർത്തകി, അഭിനേതാവ് മൂന്ന് വർഷം തുടർച്ചയായി സംസ്ഥാന യുവജനോത്സവത്തിൽ ഓട്ടം തുള്ളലിനും കഥകളിക്കും ഒന്നാം സമ്മാനം ലഭിച്ചു. കേരള നടനത്തിലും മികവ് തെളിയിച്ചു. തുടർച്ചയായി അഞ്ച് വർഷവും ഉപജില്ലാ കലാതിലകമായി. രണ്ട് വർഷം ജില്ലാ കലാതിലകവും ആയി. പ്ലസ് ടു വരെ ജില്ലയിൽ മോണോആക്ടിനും, കന്നടപാരായണത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചലചിത്രങ്ങളിൽ അഭിനയിച്ചു. ക്യാപ്റ്റൻസ് ഇവന്റ് നടത്തിയ സൗന്ദര്യ മത്സരത്തിൽ രണ്ടാം സ്ഥാനം നേടി. നിരവധി ആൽബം സോങിൽ അഭിനയിക്കുകയും നൃത്തസംവിധാനം ചെയ്യുകയും ചെയ്തു. ധാരാളം ഷോർട്ട് ഫിലിമിലും അഭിനയിച്ചിട്ടുണ്ട്.

### ടി. കെ. രേണുകാ സുരേന്ദ്രൻ

കൊല്ലം ജില്ലയിൽ ഇടക്കടം സ്വദേശി. സ്വയം തൊഴിൽ രംഗത്ത് പ്രവേശിച്ചുകൊണ്ടും സാമൂഹ്യ സേവനത്തിനും ചുറ്റുപാടുമുള്ള സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും വേണ്ടി പ്രയത്നിക്കുന്നു. സൊസൈറ്റി ഫോർ ഹ്യൂമെൻ ഡെവലപ്മെന്റ് എന്ന സംഘടനയുടെ സജീവ പ്രവർത്തകയും ഭാരവാഹിയുമാണ്.

### ഉഷ മോഹൻ

കണ്ണൂർ സ്വദേശി. അധ്യാപികയായി ജോലി നോക്കുന്നു. ഭാരത് സേവക് സമാജിന്റെ നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്റ്റുഡന്റിന്റെ അധ്യാപികയായിരുന്നു. നിരവധി കുട്ടികളെ അധ്യാപനരംഗത്ത് എത്തിക്കുവാൻ കഴിഞ്ഞു. സമൂഹത്തിന്റെ താഴെ നിൽക്കുന്ന നിർധനരായ വിദ്യാർത്ഥികൾക്ക് ഒരു തൊഴിൽ പദ്ധതി എന്ന നിലയിൽ ആരംഭിച്ച ഭാരത് സേവക് സമാജിന്റെ ടീച്ചേഴ്സ് ട്രെയിനിങ് പദ്ധതിയിലൂടെ 1000 ലേറെ കുട്ടികൾക്ക് ഇന്ന് വിവിധ സ്കൂളുകളിൽ അധ്യാപകരായി ജോലി നോക്കുവാൻ അവസരം ഉണ്ടാക്കി. ആനുകാലിക പ്രസിദ്ധീകരണങ്ങളിലും മാഗസീനുകളിലും എഴുതുന്നുണ്ട്. കവിതാ സമാഹാരം സ്വന്തമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയയിൽ കവിതകൾ, ബാലസാഹിത്യകൃതികൾ, ലേഖനങ്ങൾ, യാത്രാവിവരണം, ഭക്തിഗാനങ്ങൾ, ലളിതഗാനങ്ങൾ എന്നിവയും എഴുതാറുണ്ട്.

### ലീല സന്തോഷ്

വയനാട് പാലക്കുന്നു സ്വദേശി. തിരക്കഥാകൃത്ത്, സംവിധായിക, സാമൂഹ്യപ്രവർത്തക, ഷോർട്ടി ഫിലിമുകളും ഡോക്യുമെന്ററികളും സംവിധാനം ചെയ്തിട്ടുണ്ട്. ആൾ ഇന്ത്യ കോൺഫെഡറേഷൻ ഓഫ് എസ്.സി.എസ്.ടി. പുരസ്കാരം, കരന്തലക്കൂട്ടം ഫോക്‌ലോർ അവാർഡ്, തണൽ ഗ്രാമീണ പുരസ്കാരം, സംസ്ഥാന കലോത്സവ ആദരവ്, ജെ.എസ്.ഐ. നടവയൽ ആദരവ്, റോട്ട് ഫെൻ യൂണിയൻ ആദരവ്, മോഡൽ എഡ്യുക്കേഷണൽ ചാരിറ്റബിൾ ആദരവ്, ഡിജിനിറ്റി ആദരവ് തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



പുഷ്പലത



നിഷിന്ദ് കുമാർ. എ



പ്രദീപ് സംവേദിക



ചക്കുവരയ്ക്കൽ സാംബശിവൻ



റുബീന

### പുഷ്പലത

കോഴിക്കോട് കരുവിശ്ശേരി സ്വദേശി. കഴിഞ്ഞ 25 വർഷക്കാലമായി പൊതു പ്രവർത്തന രംഗത്ത് സജീവമാണ്. നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ മനുഷ്യാവകാശ പ്രവർത്തനങ്ങൾ എന്നീ മേഖലയിൽ സജീവമാണ്. നാഷണൽ ഹ്യൂമൻ റൈറ്റ്സ് ആന്റ് ആന്റി കറപ്ഷൻ ഫോഴ്സിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ, കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ, മഹിളാ കോൺഗ്രസ്സ് പ്രവർത്തക എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 2023-ലെ മദർ തെരേസ അവാർഡ്, നാഷണൽ ഹ്യൂമൻ റൈറ്റ്സ് ആന്റ് ആന്റി കറപ്ഷൻ ഫോഴ്സിന്റെ ഏറ്റവും നല്ല മനുഷ്യാവകാശ പ്രവർത്തനത്തിനുള്ള അവാർഡ്, മഹിളാ കോൺഗ്രസ്സിന്റെ ആദരവ്, കരുവിശ്ശേരി മണ്ഡലം കമ്മിറ്റി ആദരവ് എന്നിവ ലഭിച്ചിട്ടുണ്ട്.

### നിഷിന്ദ് കുമാർ. എ

കോഴിക്കോട് പുതിയങ്ങാടി സ്വദേശി. പൊതു പ്രവർത്തകൻ, ഹൃദയ പെയിൻ ആന്റ് പാലിയേറ്റീവ് എക്സിക്യൂട്ടീവ് അംഗം, എൻ.എച്ച്.ആർ.എ.സി.എഫ്. കോഴിക്കോട് ജില്ലാ പ്രസിഡന്റ് റെസിഡന്റ്സ് അസോസിയേഷൻ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. നിരവധി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് സഹായങ്ങൾ ചെയ്ത് അവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞു.

### പ്രദീപ് സംവേദിക

തൃശ്ശൂർ മാള സ്വദേശി. കവി, കലാകാരൻ, നാടക നടൻ, ചാക്യാർകൂത്ത്, കഥാപ്രസംഗം, സാമൂഹ്യ പ്രവർത്തകൻ, അംബേദ്കർ കലാശ്രീ നാഷണൽ അവാർഡ്, നവമാധ്യമ അവാർഡ്, ജയൻസ്ക്ലബ്ബ് ആദരവ്, കെ.പി.എം.എസ്. ശ്രേഷ്ഠ ആദരവ്, വലിയ പറമ്പ് സുബ്രഹ്മണ്യസ്വാമി ക്ഷേത്ര ആദരവ്, കുരുവിളശ്ശേരി ഗ്രാമോത്സവത്തിന്റെ മികച്ച കലാകാരനുള്ള ആദരവ്, എൻ.എച്ച്.ആർ.എ.സി.എഫ് സ്പെഷ്യൽ ജൂറി അവാർഡ്, ഗ്രാമീണ വായനശാല ആദരവ്, സംവേദിക കവിത അവാർഡ്, മികച്ച ശാസ്താംപാട്ട് കലാകാരൻ അവാർഡ് തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ചക്കുവരയ്ക്കൽ സാംബശിവൻ

കൊട്ടാരക്കര സ്വദേശി. കവി നിരവധി കവിതകളും, കഥകളും എഴുതിയിട്ടുണ്ട്. വിവിധ പ്രസിദ്ധീകരണങ്ങളിൽ കവിതകൾ എഴുതിവരുന്നു. പുരോഗമന കലാ സാഹിത്യസംഘം കവിതകൾ എഴുതിവരുന്നു. പുരോഗമന കലാ സാഹിത്യസംഘം ഭാരവാഹിയായിരുന്നു. 2024-ൽ കൊട്ടാരക്കര കലാ സാഹിത്യസംഘത്തിന്റെ പുരസ്കാരം ലഭിച്ചു. ചക്കുവരക്കൽ സഹകരണ ബാങ്ക് ജീവനക്കാരനായി 40 വർഷം സേവനമനുഷ്ഠിക്കുകയും സെക്രട്ടറിയായി വിരമിക്കുകയും ചെയ്തു.

### റുബീന

തിരുവനന്തപുരം തിരുവല്ലം സ്വദേശി. കവയത്രി, ചെറുകഥാകൃത്ത്, നോവലിസ്റ്റ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു. പത്തോളം നോവലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഞ്ചോളം ചെറുകഥാ സമാഹാരങ്ങൾ ധാരാളം ഓർമ്മക്കുറിപ്പുകൾ, ഇംഗ്ലീഷിൽ ധാരാളം കവിതകൾ, നോവൽ എന്നിവ രചിച്ചിട്ടുണ്ട്. 750-ൽ കൂടുതൽ പ്രൊവെർബുകൾ, ഇംഗ്ലീഷ് ഗ്രാമർ പുസ്തകങ്ങൾ എന്നിവ രചിച്ചിട്ടുണ്ട്.




ലക്ഷ്മി നാരായൺ



ഫെലിസിറ്റ് ടൈറ്റസ്



ജയിംസ് എസ്



ഷൈൻസിംഗ് ആർ. എസ്.

### ലക്ഷ്മി നാരായൺ

കൊല്ലം സ്വദേശി. ചെറുപ്പം മുതലേ സാധുജനങ്ങളോടും രോഗികളോടുമൊക്കെ കാരുണ്യം കാണിച്ചിരുന്ന കൊല്ലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന്റെ മുഖ്യ പ്രവർത്തകനായി രോഗം മൂർച്ഛിച്ചു അവശനിലയിൽ കഴിയുന്ന സാധുജനങ്ങളെ അവരുടെ അടിയന്തിരാവശ്യങ്ങൾ കണ്ടറിഞ്ഞ് ധനസഹായമുൾപ്പെടെയുള്ള എല്ലാവിധ സഹായങ്ങളും ചെയ്യുന്നു. നൂറുകണക്കിന് അശരണരുടെയും രോഗികളുടെയും സഹായിയാണ് ഈ കാരുണ്യ പ്രവർത്തകന്.

### ഫെലിസിറ്റ് ടൈറ്റസ്

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ സ്വദേശി. നിലവിൽ ഡിഗ്രി സെക്കന്റ് ഇയർ പഠിക്കുന്നു. 2012-ൽ തമിഴ്നാട്ടിൽ നടന്ന കരാട്ടെ ചാമ്പ്യൻഷിപ്പിൽ വിജയിച്ചതുകൊണ്ട് റോട്ടറി ക്ലബ് ഓഫ് ട്രിവാൻഡ്രം റോയൽ ഇന്റർ നാഷണൽ അവാർഡ് നൽകി ആദരിച്ചു. ആലപ്പി അഷറഫ് സംവിധാനം ചെയ്ത “അടിയന്തിരാവസ്ഥ കാലത്തെ അനുരാഗം” എന്ന സിനിമയിൽ നായിക പ്രാധാന്യം ഉള്ള വേഷം അഭിനയിച്ചു.

### ജയിംസ് എസ്

തിരുവനന്തപുരം ബാലരാമപുരം സ്വദേശി. സി.ഐ.ടി.യു മത്സ്യ തൊഴിലാളി സംസ്ഥാന കമ്മിറ്റി അംഗം. മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്നു. മത്സ്യ തൊഴിലാളികൾക്കായി മാർക്കറ്റിൽ ശൗചാലയം പണിയുന്നതിനുവേണ്ടി പോരാട്ടങ്ങൾ നടത്തുകയും അതുവഴി ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇ.കെ. നയനാർ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചാരിറ്റി പ്രവർത്തനങ്ങൾ, ട്രസ്റ്റിന്റെ പാലിയേറ്റീവ് കെയറിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. സി.പി.എം.-ന്റെ ആർ.സി. യുടെ ബ്രാഞ്ച് സെക്രട്ടറി, മത്സ്യതൊഴിലാളി നേമം ഏരിയ സെക്രട്ടറി കൂടിയാണ് ഇദ്ദേഹം.

### ഷൈൻസിംഗ് ആർ. എസ്.

ബാലരാമപുരം സ്വദേശി. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നു. ഉൽപ്പാദിപ്പിക്കുന്ന കൃഷി ഉൽപ്പന്നങ്ങൾ നിർദ്ധനരായ കുടുംബങ്ങൾക്ക് സൗജന്യമായി എത്തിച്ചുകൊടുക്കുന്നു. കൃഷി ചെയ്ത് കിട്ടുന്ന ലാഭത്തിൽ നിന്നു ചാരിറ്റി പ്രവർത്തനങ്ങളും നടത്തിവരുന്നു. വാഴവിത്തുക്കളും, പച്ചക്കറി വിത്തുകളും സൗജന്യമായി നൽകുന്നുണ്ട്. മികച്ച ജൈവ കർഷകനുള്ള അവാർഡ് ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 2024-ലെ സഹാറാ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഡോ. ബി. ആർ. അംബേദ്കർ സേവാ സമ്മാൻ അവാർഡും നേടിയിട്ടുണ്ട്.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


*വി. പി. വിധു*


*ഷീബ എം. എസ്.*


*ദീപ്തി ജെ. എസ്*


*റ്റി.എസ്. അരുൺ (അരുൺ ഗിലാഡി)*

### വി. പി. വിധു

കൊല്ലം പെരിനാട് സ്വദേശി. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, ജീവകാരുണ്യ മേഖലകളിൽ പ്രവർത്തിച്ചുവരുന്നു. 2010-ൽ സംഘാടക മികവിന് എസ്.എൻ.എം.യു.പി.എസ്. സ്കൂളിൽ നിന്നും അംഗീകാരം കരസ്ഥമാക്കിയിരുന്നു. അഞ്ചാലുമൂട് കേന്ദ്രമായി പ്രവർത്തിക്കുന്ന സാന്ത്വനം സാംസ്കാരിക സമിതിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. താന്നിക്കമുക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ദേശിംഗനാട് കലാ സാംസ്കാരിക സമിതി, അഞ്ചാലുമൂട് ഡോ. കെ. വി. വാസുദേവൻ സ്മാരക സമിതി, കണ്ടച്ചിറ സംയോജന സ്മാരക ഗ്രന്ഥശാല, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നു. കോവിഡ് കാലത്തു നടത്തിയ സേവനങ്ങളുടെ പേരിൽ പനയം ഗ്രാമ പഞ്ചായത്ത്, അഞ്ചാലുമൂട് പോലീസ് സ്റ്റേഷൻ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും പ്രശംസ ഏറ്റുവാങ്ങി. 2021-ൽ കൊല്ലം സംസ്കാര സാഹിതി മികച്ച ജനപ്രതിനിധികൾക്കുള്ള ആദരവും 2022-ൽ കൊല്ലം കരുനാഗപ്പള്ളി ആസ്ഥാനമായി പ്രവർത്തിക്കുന്ന കണ്ണകി ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉപഹാരവും കരസ്ഥമാക്കിയിരുന്നു. നിലവിൽ കൊല്ലം, കുണ്ടറ് ഉപജില്ല, കണ്ടച്ചിറ എസ്.എൻ.എം.യു.പി സ്കൂളിൽ ഓഫീസ് സ്റ്റാഫായും, പനയം ഗ്രാമപഞ്ചായത്തിലെ താന്നിമുക്ക് വാർഡിലെ ജനപ്രതിനിധിയായും പാർട്ടിയുടെ മണ്ഡലം പ്രസിഡന്റായും, സർവ്വീസ് സംഘടനാ രംഗത്ത് കൊല്ലം ജില്ലാ ഭാരവാഹിയായും സാമൂഹ്യം പ്രവർത്തിച്ചുവരുന്നു.

### ഷീബ എം. എസ്.

കടയ്ക്കാവൂർ സ്വദേശി. കവയിത്രി, നോവലിസ്റ്റ്, കഥാകൃത്ത്, അദ്ധ്യാപിക, സാമൂഹ്യ പ്രവർത്തക തിരുവനന്തപുരം നാലാഞ്ചിറയിൽ പ്രവർത്തിക്കുന്ന ലി റീഗൽ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് സ്റ്റഡീസിന്റെ മാനേജിംഗ് ഡയറക്ടർ ആണ്. ഈ സ്ഥാപനത്തിന് പ്രവാസി ഫിലിം സൊസൈറ്റിയുടെ മികച്ച സ്ഥാപനത്തിനുള്ള ശ്രീ ചിത്രതിരുനാൾ അവാർഡ് ലഭിച്ചിട്ടുണ്ട്. മികച്ച സംരംഭക മാത്രമല്ല ധാരാളം കവിതകൾ, കഥകൾ എന്നിവയും എഴുതിയിട്ടുണ്ട്. സോഷ്യൽ മീഡിയയിലെ രചനകൾക്ക് അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ദീപ്തി ജെ. എസ്

തിരുവനന്തപുരം കരിക്കകം സ്വദേശി. കഥാകൃത്ത്, കവയിത്രി, മലയാള സാഹിത്യ പുസ്തക പ്രവർത്തകസംഘത്തിന്റെ സാഹിത്യ പ്രതിഭ ഫെലോഷിപ്പിന് അർഹയായി. അക്ഷര നക്ഷത്രം പബ്ലിക്കേഷന്റെ സംസ്ഥാനതല കഥാമത്സരത്തിൽ തുടർച്ചയായി രണ്ട് തവണ ഒന്നാം സമ്മാനം നേടി. ഇപ്റ്റ അനന്തോത്സവത്തിൽ പ്രതിഭാ പുരസ്കാരം നേടി. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ തെളിനീർ ട്രസ്റ്റിന്റെ പ്രശംസാപത്രം നേടി. മഞ്ചെരി ബുക്സിന്റെ വേൾഡ് റിക്കാർഡ് നേടിയ പെൻഡ്രൈവ് എന്ന കവിതാ സമാഹാരത്തിൽ ഇടം നേടി.

### റ്റി.എസ്. അരുൺ (അരുൺ ഗിലാഡി)

തിരുവനന്തപുരം തിരുമല സ്വദേശി. 17 വർഷമായി സിനിമയിൽ സജീവം. ചലച്ചിത്ര സംവിധാന രംഗത്തും അഭിനയരംഗത്തും നിർമ്മാണം, കഥ, തിരക്കഥ, ഗാനരചന, അഭിനയം, ഛായാഗ്രാഹണം എന്നീ രംഗങ്ങളിൽ ശ്രദ്ധ നേടി. ചലച്ചിത്ര അക്കാദമിയിൽ നിന്നും സിനിമ സംവിധാനം പഠിച്ചു. അതോടൊപ്പം ഫൈൻ ആർട്സിൽ ബിരുദവും മാസ്റ്റർ ബിരുദവും കരസ്ഥമാക്കി. തുടർന്ന് മലയാള സിനിമയിലെ സ്വതന്ത്ര സംവിധായകനായി മാറി. മലബാർ ഫിലിം ഫെസ്റ്റിവൽ ബെസ്റ്റ് സിനിമയ്ക്കുള്ള അവാർഡ്, സത്യൻ സ്മൃതി പുരസ്കാരം, എം.പി. ദേവൻ പുരസ്കാരം, മുംബൈ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ അവാർഡ്, സൗത്ത് ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങളും അനുമോദനങ്ങളും ലഭിച്ചിട്ടുണ്ട്. അതോടൊപ്പം കേരളത്തിലെ അമ്പലത്തിലെ ശിൽപ്പങ്ങളെ കുറിച്ച് റിസർച്ച് ചെയ്യുന്ന പി.എച്ച്.ഡി. വിദ്യാർത്ഥി കൂടിയാണ്


*ഷാജിലാൽ ഷിനോസ്*


*സബീന പേയാട് (സാബി)*


*സുമ രാമചന്ദ്രൻ*


*സബി. സുരേഷ്*

### ഷാജിലാൽ ഷിനോസ്

മലയാള സിനിമ സീരിയൽ രംഗത്ത് പ്രൊഡക്ഷൻ കൺട്രോളർ ആയും പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ആയും നിറസാന്നിധ്യം. 150-ലധികം ഷോർട്ട് ഫിലിംസ്, ആൽബം, വെബ് സീരിയസ് എന്നിവകളിലും ഒട്ടേറെ ടെലിവിഷൻ സീരിയലുകളിലും സിനിമകളിലും പ്രൊഡക്ഷൻ കൺട്രോളർ ആയും എക്സിക്യൂട്ടീവ് ആയും വർക്ക് ചെയ്തു.

### സബീന പേയാട് (സാബി)

തിരുവനന്തപുരം പേയാട് സ്വദേശി. കവയിത്രി, കഥാകൃത്ത്, നാടൻപാട്ട്, മാപ്പിളപ്പാട്ട്, ലളിതഗാനം, ലേഖിക, നോവലിസ്റ്റ്. സാബി എന്ന തൂലികാ നാമത്തിൽ എഴുതുന്നു. 400-ൽ പരം കവിതകൾ രചിച്ചിട്ടുണ്ട്. പുരോഗമന കലാസാഹിതിയുടെ പ്രത്യേക പുരസ്കാരം, നേമം ബ്ലോക്ക് പഞ്ചായത്തിന്റെ ആദരവ്, മലയാള സാഹിത്യസംഘടനയുടെ ആദരവ്, നിരവധി വാട്സ്ആപ്പ് കൂട്ടായ്മയിൽ നിരവധി സമ്മാനങ്ങൾ തെളിനീർ സംസ്ഥാനതല സമ്മാനം തുടങ്ങി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ പുരോഗമന സാഹിത്യസംഘടനയുടെ വൈസ് പ്രസിഡന്റാണ്.

### സുമ രാമചന്ദ്രൻ

തിരുവനന്തപുരം വെള്ളനാട് സ്വദേശി. കവയിത്രി, കഥാകൃത്ത്. തിരുവനന്തപുരം തൈക്കാട് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ജോലി ചെയ്യുന്നു. ഉഷസ്സ് കയ്യെഴുത്തു മാസികയിൽ തുടർച്ചയായി എഴുതുന്നു. കേരള അന്താരാഷ്ട്ര നിയമസഭ പുസ്തകോത്സവത്തിൽ കേരള വാട്ടർ അതോറിറ്റി സാഹിത്യ സംഘടനയുടെ മികച്ച കഥ, കവിത പുരസ്കാരം, തെളിനീർ ട്രസ്റ്റിന്റെ സംസ്ഥാനതല കഥാ കവിത മത്സരത്തിന് മികച്ച രചനയ്ക്കുള്ള പുരസ്കാരം, അഷിത സ്മാരക കവിത പുരസ്കാരം എന്നിവ നേടി. മഞ്ജരി ബുക്സ് പുറത്തിറക്കിയ ലോകത്തിലെ ഏറ്റവും വലിയ ചെറു കവിതാ സമാഹാരത്തിന്റെ ഭാഗമായതിലൂടെ ഒമ്പതോളം ലോക റെക്കാർഡുകളിൽ ഇടം നേടി.

### സബി. സുരേഷ്

തിരുവനന്തപുരം മുണ്ടേല സ്വദേശി. കവയിത്രി, കഥാകൃത്ത്, അദ്ധ്യാപിക. നിലവിൽ സമഗ്ര ശിക്ഷ കേരളയുടെ കീഴിൽ ഭിന്നശേഷി മേഖലയിൽ റിസോഴ്സ് അധ്യാപികയാണ്. ഈ മേഖലയിലെ മികച്ച അദ്ധ്യാപികയ്ക്കുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും, മുൻനിര മാധ്യമങ്ങളിലും എഴുതുന്നുണ്ട്. കവിതാസമാഹാരങ്ങളും കഥാപുസ്തകവും ഒമ്പത് ലോക റെക്കാർഡ് കരസ്ഥമാക്കിയ മഞ്ജരി ബുക്സിന്റെ പെൻഡ്രൈവ് എന്ന പുസ്തകത്തിൽ ഇടം നേടിയിച്ചുണ്ട്. ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ സംഘടനയുടെ കെ.ആർ.ടി.എ. തിരുവനന്തപുരം ജില്ലാ വൈസ് പ്രസിഡന്റ്, ഇന്ത്യയിലെ തന്നെ ആദ്യത്തെ സാംസ്കാരിക കൂട്ടായ്മയുടെ തിരുവനന്തപുരം ജില്ലയിലെ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പറാണ്.

# ഈ മൃഗക്കലിക്ക് അറുതിയില്ലേ?

**ഡോ. എൻ. അജയൻ കൂടൽ**

ജോയിന്റ് ഡയറക്ടർ (റിട്ട.)
മൃഗസംരക്ഷണ വകുപ്പ്
9447324846

ദിനംപ്രതിയെന്നോണം കേരളം വന്യമൃഗഭീതിയിലാണ്. കാടിറങ്ങുന്ന കാട്ടുമൃഗങ്ങളുടെ കലിപ്പിൽ മനുഷ്യനും വീട്ടുമൃഗങ്ങളുമെല്ലാം ഇരകളാകുന്നു. വമ്പിച്ച കൃഷിനാശത്താൽ നട്ടെല്ല് നുറുങ്ങുന്ന വേദനയോടെ കർഷകൻ ജീവനൊടുക്കുന്ന വാർത്തകൾക്ക് പുതുമ നഷ്ടപ്പെട്ടിരിക്കുന്നു. വന്യജീവി-മനുഷ്യസംഘർഷങ്ങൾ പെരുകുകയാണ്.

കോവിഡിന്റെ കലുഷിത കാലത്താണ് കാട്ടുമൃഗങ്ങൾ ആദ്യമായി കാടുവിട്ടിറങ്ങി മനുഷ്യൻ പിടിച്ചുവച്ച കോട്ടകൊത്തളങ്ങൾ കീഴടക്കാൻ തുടങ്ങിയത്. 'മനുഷ്യനുൾപ്പെടെ ഒരു ജീവിയും ഇവിടെ പട്ടിണികിടക്കാൻ പാടില്ല' എന്ന മുഖ്യമന്ത്രിയുടെ ആഹ്വാനം കേവലം ഭംഗിവാക്കായിരുന്നില്ല എന്ന് കാലം തെളിയിച്ചു. 'ഈ ഭൂമി മനുഷ്യർക്കെന്നപോലെ മൃഗങ്ങൾക്കും കൂടി അവകാശപ്പെട്ടതാണ്' എന്ന വാഴ്‌വിനെ ദുരമൂത്ത മനുഷ്യൻ നാളുകളായി തമസ്ക്കരിക്കുകയായിരുന്നുവെന്നതാണ് സത്യം.

പ്രവചനാതീതമായ കാലാവസ്ഥാ വ്യതിയാനങ്ങൾ, ആഗോളതാപനത്തിന്റെ ഉഗ്രതയിൽ കത്തിയെരിയുന്ന ഭൂമി, പ്രതീക്ഷിക്കാതെയുള്ള ഇടമഴ, കാട്ടുകനികളുടെ ദൗർലഭ്യം, ഇരതേടി അതിരുകൾ ഭേദിക്കാനുള്ള വന്യമൃഗങ്ങളുടെ ത്വര, തങ്ങളുടെ ഇഷ്ടയിടങ്ങളിൽ വന്യമൃഗങ്ങളുടെ കടന്നുകയറ്റത്തിൽ ഭൂവുടമകളുടെ അസഹിഷ്ണുത, മുൻ പരിചയക്കുറവു മൂലം വന-മൃഗസംരക്ഷണ മാനേജ്മെന്റിന്റെ അഭാവം, ഫോറസ്റ്റ് വെറ്ററിനറി സഹായത്തിന്റെ യഥേഷ്ടമുള്ള ലഭ്യതക്കുറവ്, രാഷ്ട്രീയ മുതലെടുപ്പിനുള്ള ക്രൂരമായ ശ്രമങ്ങൾ, കാട്ടുമൃഗങ്ങളുടെ ആവാസവ്യവസ്ഥയിലുള്ള ആശാവഹമല്ലാത്ത സൂക്ഷ്മതക്കുറവ് എന്നിവയൊക്കെ വർദ്ധിച്ചുവരുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് കാണാം.

'അരിക്കൊമ്പന്മാരും', 'ചക്കക്കൊമ്പന്മാരും', 'പടയപ്പ'യുമെല്ലാം ചങ്കുലയ്ക്കുന്ന കൃഷിനാശവും ആൾനാശവുമാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. മൂന്നാറിലെ മുത്തായി 'പടയപ്പ' മാറുമ്പോഴും രാത്രിയുടെ മറവിലെ പേടിച്ച രണ്ട് കണ്ണുകൾ നക്ഷത്രങ്ങളായി കണ്ണുചിമ്മുന്നത് കാണാതിരുന്നുകൂടാ. മരണശേഷമുള്ള സർക്കാർ സഹായത്തേക്കാൾ എത്രയോ ആഭികാമ്യമാണ് മരണഭയമില്ലാതെ തന്റെ കൂരയിൽ ഒന്നു കിടന്നുറങ്ങുവാനുള്ള സുരക്ഷാബോധം.

കാടുകൾ വിട്ട് നാട്ടിലെ ജനവാസകേന്ദ്രങ്ങളിൽ സ്വൈരവിഹാരം നടത്തുന്ന ആനയും, കടുവയും, പുലിയും, കാട്ടുപോത്തും, കാട്ടുപന്നികളും, കുരങ്ങൻമാരും ഒക്കെ ഉണ്ടാക്കുന്ന കൃഷിനാശവും മനുഷ്യക്കുരുതിയുമെല്ലാം പണ്ടെങ്ങും കേട്ടറിവുപോലുമില്ലാത്തവിധം പെരുകിവരുന്നു. വല്ലപ്പോഴുമൊക്കെ കേട്ടിരുന്ന വന്യമൃഗങ്ങളുടെ കാടിറക്കം ഗ്രാമങ്ങളിലും നഗരങ്ങളിലും ഇന്ന് നിത്യസംഭവമാകുമ്പോൾ ഒരു ജനതയൊന്നാകെ ഞെട്ടിവിറയ്ക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ സർക്കാരിന്റെ വീഴ്ചയായി രാഷ്ട്രീയവൽക്കരിച്ച് ജഡങ്ങൾ മോർച്ചറിയിൽ നിന്നുപോലും കവർന്നെടുത്ത് കത്തുന്ന സൂര്യതപത്തിൽ പഴുപ്പിച്ചെടുക്കുന്ന ദാരുണമായ സംഭവങ്ങൾ നാടിന്നപമാനമാണ്.

കോവിഡനന്തര വർത്തമാനകാലം ഇന്ന് ഏറെ ചർച്ച ചെയ്യുന്നത് ഏകലോകം-ഏകാരോഗ്യം (One World One Health) എന്ന വിഷയമാണ്. വന്യമൃഗങ്ങളുടെ വേട്ടയാടലിനറുതി വരണമെങ്കിൽ ഇതിനെ ഒരു ജനകീയ സംരംഭമാക്കി മാറ്റണം. അതിന് മികച്ച ഉദാഹരണമാണ് വയനാട് ജില്ലയിലെ വൈത്തിരി പഞ്ചായത്ത് ഒരു വർഷം മുമ്പ് നടപ്പാക്കിയ ജനകീയ ഫെൻസിംഗ് പദ്ധതി. വീടുകൾ, റിസോർട്ടുകൾ, പൊതുജനങ്ങൾ എന്നിവരുടെ കലവറയില്ലാത്ത സാമ്പത്തിക സഹായവും ഒത്തൊരുമയും കൂട്ടായ പ്രവർത്തനവും ഏഴു കി.മീ നീളമുള്ള ഈ വൈദ്യുതിവേലി നിർമ്മാണത്തിന് ലഭിച്ചുവെന്നതാണ് സത്യം. കാസർകോട് ജില്ലയിലെ കാറടുക്ക ബ്ലോക്ക് പരിധിയിലെ കേരള- കർണ്ണാടക അതിർത്തിയിൽ 30 കി.മീറ്റർ ദൂരത്തിൽ ഒരു സോളാർ തൂക്കുവേലി സ്ഥാപിക്കാൻ കഴിഞ്ഞത് മറ്റൊരു ഉദാഹരണമാണ്.

ആഗോളതാപനിലയിൽ ചുട്ടുപൊള്ളുന്ന ചൂടിൽ ആനമുതൽ നായവരെയുള്ള ജീവികളുടെ അക്രമണോത്സുകത കൂടുന്നതായാണനുഭവം. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.ആഹാരം, പാർപ്പിടം എന്നിവയിലെല്ലാം വന്യമൃഗങ്ങളും മനുഷ്യരെപ്പോലെ ആകുലചിത്തരാണ്.

വന്യജീവി-മനുഷ്യസംഘർഷത്തിന് പരിഹാരങ്ങൾ പലതാണ്.

- റവന്യൂ,വനം, പോലീസ്, മൃഗചികിത്സ എന്നിവയുടെ ഒരു മിറ്റിഗേഷൻ (ലഘൂകരണം) കമ്മിറ്റി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ രൂപീകരിച്ച് പ്രാദേശിക പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരമുണ്ടാക്കി മുകൾത്തട്ടിലേക്ക് ശാശ്വത പ്രശ്നപരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
- സോഷ്യോളജിസ്റ്റ്, എക്കോളജിസ്റ്റ്, എക്കണോമിസ്റ്റ് എന്നിവരുടെ കൂട്ടായ്മ സാമ്പത്തിക-പാരിസ്ഥിതിക പഠനങ്ങൾക്ക് കളമൊരുക്കുക.
- പോലീസിന്റെയും വനംവകുപ്പിന്റെയും റവന്യൂ അധികാരികളുടെയും സഹകരണത്തോടെ അപകടസാധ്യതാ റിപ്പോർട്ട് കണ്ടെത്തുക. ഭൂമിയുടെ ഉപയോഗം ശാസ്ത്രീയമായി ക്രമപ്പെടുത്തുക. ജനജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുക.
- വനവുമായി ബന്ധപ്പെട്ട് സർക്കാരിന് നികുതിയിനത്തിൽ ലഭിക്കുന്ന വരുമാനവും ഫോറസ്റ്റ് ടൂറിസത്തിൽ നിന്നുള്ള വരുമാനവുമെല്ലാം പ്രകൃതി സംരക്ഷണത്തിനായി ഉപയോഗിക്കുക.
- കാട്ടുമൃഗങ്ങൾക്കാവശ്യമായ തണലും, തീറ്റയും കാട്ടിൽത്തന്നെ ഉറപ്പാക്കുക.

അന്ധമായ മൃഗസ്നേഹം സാധാരണക്കാരന്റെ സ്വൈര ജീവിതത്തിന് തടസ്സമാകാൻ പാടില്ല. ഗാഡ്ഗിലിന്റെയും ജസ്റ്റീസ് സിരിജഗന്റെയും നിർദ്ദേശങ്ങൾ തെരുവുനായകൾക്കും കൂടി ബാധകമാക്കണം. തെരുവുനായ ആക്രമണത്തിൽ വലയുന്ന പൊതുജനങ്ങൾക്ക് ആശ്വാസമേകുന്ന തന്ത്രങ്ങൾ ഉണ്ടായേ മതിയാവൂ. തെരുനായ നിയന്ത്രണത്തിന് പ്രായോഗികമായ ബദലുകളാണ് ആവശ്യം.

വന്യമൃഗങ്ങളുടെ വരവ് അറിയിക്കുന്ന മൊബൈൽ സാങ്കേതികവിദ്യ വനാതിർത്തിയിലുള്ള പ്രദേശവാസികൾക്കുകൂടി ലഭ്യമാക്കണം.

വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ സ്വൈരവിഹാരവും ഭക്ഷണവും ഒരുക്കുന്ന ഒരു പുതിയ പാഠ്യപദ്ധതി ഉണ്ടാകാതെ വയ്യ. മുഖ്യമന്ത്രി ചെയർമാനായുള്ള സംസ്ഥാന വന്യജീവി ഉപദേശകസമിതി മൃഗസുരക്ഷയ്ക്കും മനുഷ്യസുരക്ഷയ്ക്കും തുല്യനീതി ഉറപ്പാക്കുമെന്ന് പ്രത്യാശിക്കാം.

കൂടുതൽ പരിരക്ഷ വേണ്ടത് മനുഷ്യനോ മൃഗങ്ങൾക്കോ എന്ന ചോദ്യവും വിശകലനവും അസ്ഥാനത്താണ്. കഴിഞ്ഞ രണ്ടുമാസത്തിനിടെ ഇവിടെ പത്തിലധികം മനുഷ്യജീവൻ മൃഗക്കലിയിൽ പൊലിഞ്ഞുവീണിട്ടും ബന്ധപ്പെട്ട വകുപ്പുകൾ കുറ്റകരമായ അനാസ്ഥയാണ് പുലർത്തുന്നതെന്ന് പറയാതെ വയ്യ. ഒരുപക്ഷേ കാലഹരണപ്പെട്ട ചട്ടങ്ങൾ മാറ്റിയെഴുതുകതന്നെ വേണം. കേന്ദ്ര-സംസ്ഥാന സർക്കാർ ബന്ധങ്ങളുടെ ശിഥിലീകരണം സർവ്വനാശത്തിലേ ചെന്നെത്തുകയുള്ളൂ. സുസ്ഥിര ബദലുകൾക്കും പ്രശ്നാധിഷ്ഠിത ഗവേഷണങ്ങൾക്കുമായിട്ടാണ് വർത്തമാനകാലം കാതോർക്കുന്നത്.

## ഗാന്ധിഭാരത്

# ഗാന്ധിജിയും സത്യാഗ്രഹസമരവും

**ശ്രീലത. എ.പി**

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ അഭിഭാഷകനായി സേവനം അനുഷ്ഠിക്കുന്ന കാലത്ത് അഹിംസയിലധിഷ്ഠിതമായി വികസിപ്പിച്ചെടുത്ത ഒരു സമരരീതിയാണ് സത്യാഗ്രഹം. ദക്ഷിണാഫ്രിക്കയിലെ ആദ്യകാലങ്ങളിലും സ്വാതന്ത്ര്യസമര കാലഘട്ടത്തിലും ഗാന്ധിജി ഈ സമരമുറ ഉപയോഗിക്കുകയുണ്ടായി. 1906 സെപ്റ്റംബർ 11ന് ജോഹനാസ് ബർഗിൽ ചേർന്ന യോഗത്തിൽ വച്ചാണ് ഗാന്ധിജിയുടെ പ്രക്ഷോഭ സമരങ്ങൾക്ക് 'സത്യാഗ്രഹം' എന്ന പേര് നൽകിയത്. നല്ല കാര്യത്തിന് വേണ്ടി എന്ന് അർത്ഥം വരുന്ന 'സത്യാഗ്രഹം' എന്ന പേര് മദൻലാൽഗാന്ധി നിർദ്ദേശിച്ചപ്പോൾ ഗാന്ധിജി അംഗീകരിക്കുകയായിരുന്നു. അതിനാലാണ് ദക്ഷിണാഫ്രിക്ക ഗാന്ധിജിയുടെ 'രാഷ്ട്രീയ പരീക്ഷണശാല' എന്ന് വിശേഷിപ്പിക്കുന്നത്.

ഒരു രാഷ്ട്രീയ സമരമുറ എന്നതിലുപരി അനീതിക്കും ഹിംസക്കും എതിരെയുള്ള ആഗോള പരിഹാരം എന്ന രീതിയിൽ സത്യാഗ്രഹത്തെ വളർത്തി എടുക്കാനാണ് ഗാന്ധിജി വിഭാവന ചെയ്തത്. ഏതു തരത്തിലുള്ള പീഡനത്തെയും അടിച്ചമർത്തലിനെയും നേരിടാൻ തയ്യാറാകുന്ന സത്യാഗ്രഹി സ്വായത്തമാക്കേണ്ടിയിരിക്കുന്നത് ആത്മനിഷ്ഠമായ ശക്തിയാണ്. ഇന്ത്യയിൽ അദ്ദേഹം സത്യാഗ്രഹം പഠിപ്പിക്കുന്നതിനായി സബർമതി ആശ്രമം സ്ഥാപിച്ചു. സത്യാഗ്രഹികൾ പ്രധാനമായും 11 തത്ത്വങ്ങൾ പാലിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു.

'അഹിംസ, സത്യം, മോഷ്ടിക്കാതിരിക്കുക, ബ്രഹ്മചര്യം, നിസ്വാർത്ഥത, കായികാദ്ധ്വാനം, വാക്ചാതുരി, ഭയമില്ലായ്മ,മതസഹിഷ്ണുത, സ്വദേശി, അയിത്തോച്ചാടനം'.

ഇന്ത്യയിലെ ഗാന്ധിജിയുടെ ആദ്യസത്യാഗ്രഹം 1917- ഏപ്രിലിൽ നടന്ന ചമ്പാരൻ സത്യാഗ്രഹമാണ്. ദക്ഷിണാഫ്രിക്കയിൽ പ്രായോഗികത തെളിയിച്ച തന്റെ നൂതന സമരമുറകൾ ഗാന്ധിജി ആദ്യമായി പയറ്റിനോക്കിയത് ചമ്പാരനിൽ ആയിരുന്നു. അവിടത്തെ കൃഷിക്കാർക്കു വേണ്ടിയായിരുന്നു ഗാന്ധിജി ഈ സത്യാഗ്രഹം നടത്തിയത്. അദ്ദേഹത്തിന്റെ ആദ്യത്തെ നിരാഹാര സമരം 1918-ൽ അഹമ്മദാബാദ് തുണിമില്ല് സമരമായിരുന്നു.ആ വർഷം തന്നെ 1918 മാർച്ച് 22 മുതൽ 1918 ജൂൺ 5 വരെ നടന്ന khede (ഖേദ) സത്യാഗ്രഹവും ഉണ്ടായിരുന്നു. 1919 മാർച്ച് 30ന് നിസ്സഹകരണസമരം തുടങ്ങി. അഹിംസാമാർഗ്ഗത്തിൽ ബ്രിട്ടീഷ് നിയമങ്ങൾക്കെതിരെ സമരം ചെയ്യുകയായിരുന്നു ഇതിന്റെ ലക്ഷ്യം. 1919 ഏപ്രിൽ 6ന് ബ്രിട്ടീഷ് അധികാരികൾ ഇന്ത്യയിൽ നടപ്പിലാക്കിയ നിയമങ്ങളിൽ ഏറ്റവുമധികം ബഹുജന പ്രതിഷേധം ക്ഷണിച്ചു വരുത്തിയ ഒന്നായിരുന്നു റൗലറ്റ് നിയമം. 1922 ഫെബ്രുവരി 5ന് ഉത്തർപ്രദേശിൽ നടന്ന ചൗരി ചൗരാ സമരം തുടങ്ങുന്നത് നിസ്സഹകരണപ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ജാഥയിൽ പങ്കെടുത്ത ആളുകൾക്കെതിരെ പോലീസ് വെടിവയ്ക്കുകയും, നിരവധി ആളുകളും പോലീസുകാരും കൊല്ലപ്പെടുകയും പോലീസ് സ്റ്റേഷൻ തീയിടുകയും ചെയ്തു. ഇത് ചൗരിചൗരാ സംഭവം എന്നാണ് അറിയപ്പെടുന്നത്. നിസ്സഹകരണ പ്രസ്ഥാനം ഗാന്ധിജി നിറുത്തിവയ്ക്കുകയും അതിന്റെ ചുവടുപിടിച്ച് അയിത്തോച്ചാടനത്തിന് രൂപം കൊടുത്ത് കൊണ്ടു കേരളത്തിൽ വൈക്കം സത്യാഗ്രഹത്തിന് അദ്ദേഹം പിന്തുണ നൽകി. 1925 മാർച്ച് 19 നാണ് വൈക്കം സത്യാഗ്രഹം ആരംഭിക്കുന്നത്. ബ്രിട്ടീഷ് ഇന്ത്യ ഉപ്പിന് നികുതി ചുമത്തിയതിൽ പ്രതിഷേധിച്ച് 1930 മാർച്ച് 12ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ ആരംഭിച്ച അഹിംസാ സത്യാഗ്രഹമാണ് ഉപ്പു സത്യാഗ്രഹം. 1942 ആഗസ്റ്റ് മാസം ആരംഭിച്ച നിയമലംഘനസമരമാണ് ക്വിറ്റ് ഇന്ത്യാ സമരം എന്ന് അറിയപ്പെടുന്നത്. ഇന്ത്യയ്ക്ക് ഉടനടി സ്വാതന്ത്ര്യം നൽകുക എന്നതാണ് ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം കൊണ്ട് ഗാന്ധിജി വിഭാവന ചെയ്തത്.

(1 –ാംപേജിൽ നിന്നും തുടർച്ച)

## ‘‘നേച്ചർ ക്ലബ് വേൾഡ് വൈഡ്’’

# പശ്ചിമഘട്ടത്തോടൊപ്പം

നിന്നുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ മുന്നോട്ട് നീക്കുന്നത്.

നാടിന്റെ പാരിസ്ഥിതിക സംതുലിതാവസ്ഥ പരിപാലിക്കപ്പെടാനുതകുംവിധമുള്ള പ്രവർത്തനങ്ങൾ ഓരോരുത്തരിലും ഉണ്ടായേതീരൂ. നമ്മുടെ നാടിനെക്കുറിച്ച് ധാരാളം കവികളും മഹാത്തുക്കളുമെല്ലാം പാടുകയും പുകഴ്ത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതേ ഭൂപ്രദേശത്തിന് ഇന്ന് പലപ്പോഴും കടുത്ത വരൾച്ചയിലും കനത്ത പേമാരിയിലും ഭീതിദ ഉരുൾപൊട്ടലിലുമെല്ലാം വിറങ്ങലിച്ചു നിൽക്കേണ്ടിവരുന്നു?

കേരളത്തിന്റെ മനോഹാരിതയേയും പരിശുദ്ധിയേയുംകുറിച്ച് കവി പണ്ട് പാടിയത്:

‘പുഴകൾ; മലകൾ; പൂവനങ്ങൾ
ഭൂമിക്കുകിട്ടിയ സ്ത്രീധനങ്ങൾ
സന്ധ്യകൾ മന്ദാരചാമരംവീഴുന്ന
ചന്ദനശീതള മണൽപ്പുറങ്ങൾ.....’ എന്നാണ്.

തീർന്നില്ല; ഈ മനോഹാരിതയിൽ മയങ്ങി ദൈവം ആദ്യമായി വന്നിറങ്ങിയത് ഇവിടെയാണെന്നും കവിപാടുന്നു:

“ഇവിടമാണിവിടമാണിതിഹാസരൂപിയാം
ഈശ്വരനിറങ്ങിയ തീരം;
ഇവിടമാണാദ്യമായ് മനുജാഭിലാഷങ്ങൾ
ഇതളിട്ട സുന്ദരതീരം....”

എന്നാൽ ഇന്നോ....? കവി ദർശിച്ചതുപോലുള്ള തെളിമയാർന്ന പുഴകളോ, പച്ചപ്പുള്ള മലകളോ, പൂവനങ്ങളോ, മന്ദാര ചാമരംവീശുന്ന ശുദ്ധമായ കുളിർതെന്നലോ, ചന്ദന ശീതള മണൽപ്പുറങ്ങളോ എന്തെങ്കിലും നമുക്ക് കാണാനാവുമോ.....? ഇന്നത്തെ നിലയിൽ ദൈവം ഇതുവഴി വരുമോ...? സ്വന്തം ജീവനും ലോകംതന്നെയും നാശത്തിലേക്ക് നീങ്ങുമ്പോൾ മനുഷ്യന്റെ ഏതഭിലാഷമാണ് ഇവിടെ ഇതളിട്ടുണരുക....?

ഈ ചോദ്യങ്ങൾക്ക് നമുക്ക് മറുപടിയില്ലായെന്നുമാത്രമല്ല പകരം കവി അയ്യപ്പപ്പണിക്കർ വിലപിച്ചതുപോലെ

“കാടെവിടെ മക്കളേ
മേടെവിടെ മക്കളേ
കാടുപുൽത്തകിടിയുടെ
വേരെവിടെ മക്കളേ....” എന്ന് പാടി പരിതപിക്കാനേ നമുക്കാവൂ... ഇതെന്ത്? എന്തുകൊണ്ട്? എന്ന ചോദ്യങ്ങൾക്ക് ഒരൊറ്റ മറുപടിയേയുള്ളൂ: “സ്വയംകൃതാനർത്ഥം” !

ഈ ദുഃസ്ഥിതിയിൽ നിന്നും നമ്മുടെ നാടിനെ രക്ഷിച്ചുപിടിക്കാൻ നാം തന്നെ സർവ്വാത്മനാ തയ്യാറായേ മതിയാവൂ. പരമപ്രധാനമായ ഈ തിരിച്ചറിവ് ഓരോരുത്തരിലുമുണ്ടാവണം. നാം ഓരോരുത്തരും ഇതിനെക്കുറിച്ച് വ്യക്തമായ ബോധമുള്ളവരുമാവണം. എങ്കിൽ മാത്രമേ ഈ പ്രതിസന്ധി മറികടക്കാനാവൂ.

ഈയടുത്തകാലത്ത് ആഗോളതലത്തിൽ നടന്ന ഒരു പഠനം വ്യക്തമാക്കുന്നത് ഭാവിയിൽ ആഫ്രിക്ക രണ്ടായി പിളർന്നുമാറും എന്നാണ്! ആ നിലയിലുള്ള ശാസ്ത്രസൂചനകളാണ് ഉണ്ടായിരിക്കുന്നത്! അങ്ങിനെ വരുന്നപക്ഷം ആഫ്രിക്കയുടെ ഒരുഭാഗം പശ്ചിമഘട്ടമേഖലയിലായിരിക്കും വന്നടിയുകയെന്നും കണക്കുകൂട്ടുന്നു. ആ വിധം സംഭവിച്ചെന്നാൽ അതിന്റെ ഫലം ഈ നാടിന്റെ പൂർണ്ണമായ നാശം തന്നെയായിരിക്കും. നമ്മുടെ നാടെല്ലാം ഹിമത്താൽ മൂടപ്പെടും. അതോടെ ഇവിടുത്തെ കാലാവസ്ഥ അടിമുടി മാറും. ഏതു നിമിഷവും എന്തുനിലയിലുള്ള അപകടവും വന്നുഭവിച്ചേക്കാവുന്ന സാഹചര്യത്തിലേക്ക് നാം എത്തിപ്പെടും. ഇതിൽ നിന്നും രക്ഷപ്പെടാൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ; പ്രകൃതി സംരക്ഷണം.

**പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ അതിശക്തവും ഊർജ്ജിതവുമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും വൈകിയാൽ അത് ആത്മഹത്യാപരമായിരിക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട.**

പ്രകൃതിയിലുണ്ടാവുന്ന മാറ്റങ്ങൾക്കും പ്രശ്നങ്ങൾക്കും ദുരന്തങ്ങൾക്കുമൊന്നും സമയം നിശ്ചയിക്കാനാവില്ല. എപ്പോൾ നടക്കുമെന്നോ എന്ത് നടക്കുമെന്നോ ആർക്കും കൃത്യമായി പ്രവചിക്കാനുമാവില്ല. കഴിഞ്ഞ ദിവസമുണ്ടായ മേഘവിസ്ഫോടനവുമായി ബന്ധപ്പെട്ട് ശാസ്ത്രജ്ഞർ ഇക്കാര്യം അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കുകയുണ്ടായി. അതായത് പ്രകൃതിക്ഷോഭങ്ങൾ ഏതുനിലയിലും ഏതുസമയത്തും സംഭവിക്കാം. ഇതിനുള്ള മകുടോദാഹരണമാണ് ‘സുനാമി’. സുനാമി ഉണ്ടാവുമെന്ന് ആരും പ്രവചിച്ചിരുന്നില്ല. ഓർക്കാപ്പുറത്ത് നാടിനേറ്റ ഉഗ്രൻ പ്രഹരമായിരുന്നു അത്. അതേപോലെതന്നെയാണ് ഈയടുത്തിടെ നമുക്ക് നേരിടേണ്ടിവന്ന കനത്ത വെള്ളപ്പൊക്കവും. പത്തനംതിട്ടപോലുള്ള ജില്ലകൾപോലും വെള്ളത്തിനടിയിലായത് നാം കണ്ടു. ഇതും ഓർക്കാപ്പുറത്ത് സംഭവിച്ച ദുരന്തമാണ്. സുനാമിയും പ്രളയവും ഉരുൾപൊട്ടലുമെല്ലാം നിമിഷങ്ങൾക്കുള്ളിലാണ് സംഭവിക്കുന്നത്. പ്രകൃതി സംരക്ഷ കാര്യത്തിൽ നാം കാട്ടിയ അകർമ്മണ്യതയാണ് ഇതിനൊക്കെയും വഴിവെച്ചതെങ്കിലും ഇത്തരം അപകടാവസ്ഥകളെ പ്രതിരോധിക്കാനുമാവില്ലല്ലോ? അതിന് പ്രകൃതിയെ സംരക്ഷിക്കുക എന്നതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

ശ്വസിക്കാൻ ശുദ്ധവായുവും കുടിക്കാൻ ശുദ്ധജലവും ലഭിക്കുക എന്നത് ജന്മാവകാശമാണ്. എന്നാൽ അന്തരീക്ഷ മലിനീകരണത്തിലൂടെ അത് നിഷേധിക്കപ്പെടുന്ന അവസ്ഥയാണിന്നുള്ളത്. ജലമലിനീകരണം എന്നത് സാർവ്വത്രികമായിരിക്കുന്നു. കായലും പുഴകളും കുളങ്ങളുമെന്നുവേണ്ട ജലാശയങ്ങളൊക്കെയും ഇന്ന് മലിനമാണ്. ശുദ്ധജല തടാകമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ശാസ്താംകോട്ട കായലടക്കമുള്ള സർവ്വ തടാകങ്ങളിലേയും ജലം ഉപയോഗയോഗ്യമല്ലാതായിരിക്കുന്നു. പുഴകൾക്കാകട്ടെ അവയുടെ തനതായ സ്വഭാവം തന്നെ നഷ്ടപ്പെട്ടിട്ട് കാലം ഏറെയായി. ഭാരതപ്പുഴപോലെ എന്നും നിറഞ്ഞൊഴുകിയിരുന്ന വലിയ പുഴകൾപോലും ഇന്ന് നന്നെ മെലിഞ്ഞാണൊഴുകുന്നത്. പല പുഴകളും തോടുകൾക്ക് സമാനമായിരിക്കുന്നു.

പുഴകളുടെയും തോടുകളുടെയും ഇരുവശങ്ങളും വ്യാപകമായി കയ്യേറപ്പെടുന്നു. ദേശീയപാതയ്ക്ക് കുറുകേ ഒഴുകിയിരുന്ന തോടുകൾ നികത്തി ഭൂമി കയ്യേറിയ സംഭവങ്ങൾപോലുമുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ കയ്യേറപ്പെടുന്ന ഭൂമിയിൽ വീടുകളും ഫ്ളാറ്റുകളും ബഹുനില സ്ഥാപനങ്ങളുമെല്ലാം ഉയർന്നുവരുന്നു. ഇത് പറയുമ്പോൾ വീടുകളും ഫ്ളാറ്റുകളുമൊന്നും നിർമ്മിക്കപ്പെടേണ്ട എന്നർത്ഥമാക്കേണ്ടതില്ല. മറിച്ച് ഇത്തരം നിർമ്മാണങ്ങൾക്ക് വ്യക്തമായ നിയന്ത്രണങ്ങളും കൃത്യമായ പരിശോധനകളും ഉണ്ടാവണമെന്നുമാത്രമേ അഭിപ്രായമുള്ളൂ.

ദേശീയപാത വികസനത്തിന്റെ പേരിൽ ലക്ഷക്കണക്കിന് മരങ്ങളാണ് മുറിച്ചുമാറ്റപ്പെട്ടുകൊണ്ടിരിക്കുന്നത്. പകരം വച്ചുപിടിപ്പിക്കാൻ ആരും തയ്യാറായി കാണുന്നുമില്ല. ‘പുതിയമരം വച്ചുപിടിപ്പിച്ചതിനുശേഷം മാത്രം മരം മുറിക്കുക’ എന്ന സംസ്കാരത്തോട് ബന്ധപ്പെട്ട കേന്ദ്രങ്ങൾ മുഖംതിരിക്കുന്നു എന്നത് ഖേദകരമാണ്. വലിയ ആവേശത്തോടെയും നിഷ്ക്കരുണവും നിർദാക്ഷണ്യവുമായാണ് വൻ മരങ്ങളുടെ ചുവട്ടിൽ കോടാലി വയ്ക്കുന്നത്. യാതൊരു നിയന്ത്രണവുമില്ലാതെ ദേശവ്യാപകമായി നടക്കുന്ന ഈ ക്രൂരതമൂലം വൻതോതിലുള്ള ഓക്സിജൻ നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഗുരുതരമായ ഭവിഷ്യത്തുകളെ സ്വീകരിച്ചാനയിക്കലാണ് എന്ന വസ്തുത വിസ്മരിക്കാതിരുന്നാൽ നന്ന്.

പരിസ്ഥിതി സംരക്ഷണം എന്താണെന്നും എങ്ങിനെയാവണമെന്നും രാജ്യത്തെ മുഴുവൻ ജനങ്ങളെയും ബോധവത്ക്കരിക്കുക എന്ന തീവ്രയത്ന പരിപാടിയാണ് ‘നേച്ചർ ക്ലബ്ബ് വേൾഡ് വൈഡി’ന്റെ പരിസ്ഥിതി മാസാചരണത്തിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രകൃതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ഉത്തരവാദിത്വം, കടമ എന്നിവയെക്കുറിച്ച് ഓരോരുത്തരേയും ബോധവത്ക്കരിക്കുകയും ആ നിലയിലുള്ള പ്രവർത്തനങ്ങളിലേയ്ക്ക് അവരെ കൈപിടിച്ചു നടത്തുകയും ചെയ്യുക എന്ന കാര്യത്തിൽ ക്ലബ്ബ് പ്രവർത്തകർ പ്രതിജ്ഞാബദ്ധരായിരിക്കും. മരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതിന്റെയും വായു-ജല മലിനീകരണം തടയുന്നതിന്റെയും പ്രകൃതിയെ സംരക്ഷിച്ചു നിർത്തേണ്ടതിന്റെയും അനിവാര്യതയെക്കുറിച്ചുമെല്ലാം ജനങ്ങളെ വെവ്വേറെയും കൂട്ടായും പറഞ്ഞു മനസ്സിലാക്കുവാനുള്ള കർമ്മപരിപാടികൾക്കും രൂപം നൽകിയിട്ടുണ്ട്.

ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കാലാവസ്ഥാവ്യതിയാനമാണ്. ഈയടുത്തകാലത്താണ് കാനഡ, ആസ്ട്രേലിയ തുടങ്ങി റഷ്യ അടക്കമുള്ള പല രാജ്യങ്ങളിലും കടുത്ത വർണ്ണങ്ങളിലുള്ള പ്രകാശം പരന്നത്. സൂര്യനിൽ നിന്നും ഭൂമിയിലേക്ക് പതിച്ച അഗ്നിസമാന താപമാണ് രൂപാന്തരപ്പെട്ട് കടുത്ത വർണ്ണങ്ങളായി മാറിയതെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഭൂമിയുടെ കാന്തികവലയത്തിൽ പ്രതിരോധിക്കപ്പെട്ടതിലൂടെ ഉഗ്രതാപം വിവിധ വർണ്ണങ്ങളായി മാറി ഭൂമിയിൽ പതിക്കുകയായിരുന്നുവത്രേ! അഗ്നിസമാന താപം ഭൂമിയിലേക്ക് പതിക്കുക എന്നതിന്റെ അപകടത്തെക്കുറിച്ച് പ്രത്യേകിച്ച് വിശദീകരണം ആവശ്യമില്ലല്ലോ.

ചുരുക്കിപ്പറഞ്ഞാൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ അതിശക്തവും ഊർജ്ജിതവുമാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും വൈകിയാൽ അത് ആത്മഹത്യാപരമായിരിക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രഥമവും പ്രധാനവുമായ നീക്കം ആരംഭിക്കേണ്ടത് വ്യാപകമായ നിലയിൽ നേച്ചർ ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ടാവണം. ലോകത്തിന്റെയും മനുഷ്യ ജീവന്റെയും നിലനിൽപ്പിന്റെ പ്രശ്നമെന്ന നിലയിൽ അതീവ ഗൗരവത്തോടെയുള്ള നീക്കങ്ങൾ തന്നെയാണ് വേണ്ടിയിരിക്കുന്നത്. നേച്ചർക്ലബ്ബുകൾക്ക് ഇക്കാര്യത്തിൽ വളരെ വലിയ സംഭാവനകൾ നൽകാൻ കഴിയും. ലോകത്തിന്റെ നിലനിൽപ്പിന് ആധാരമായി നിൽക്കുന്നത് പശ്ചിമഘട്ട പരിസ്ഥിതി സംരക്ഷണമാണെന്ന പരമപ്രധാന വസ്തുത കണക്കിലെടുക്കുമ്പോൾ പശ്ചിമഘട്ടത്തിലെ അതിപ്രധാന മേഖലയായ കേരളം പുലർത്തേണ്ട ജാഗ്രതയും കരുതലും ഉത്തരവാദിത്വവും ഒരുതരത്തിലും വിസ്മരിച്ചുകൂടാത്തതാണ്. അതുകൊണ്ടുതന്നെ എല്ലായിടങ്ങളിലും നേച്ചർ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനോടൊപ്പം നാം ഓരോരുത്തരും ഓർക്കുക ‘‘ബി വിത്ത് വെസ്റ്റേൺ ഗാർട്ട്സ് (നാം പശ്ചിമഘട്ടത്തോടൊപ്പം.)’’

മറിച്ചായാൽ കാലം നമുക്ക് മാപ്പ് നൽകിയെന്ന് വരില്ല!

## ആൽബം




*ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റിന്റെ പേരിലുള്ള പ്രൊഫ.ഡി. ശശിധരൻ അവാർഡ് മന്ത്രി കെ.ബി. ഗണേഷ് കുമാർ ബി.എസ്.എസ്. അഖിലേന്ത്യ ചെയർമാൻ ബി.എസ്. ബാലചന്ദ്രന് നൽകുന്നു. സമീപം ഷാഹിദ കമാൽ, ശ്രീമതി.ബി. ശശിധരൻ, ആർ. ചന്ദ്രശേഖരൻ, പുനലൂർ സോമരാജൻ, ഡോ. കോന്നി ഗോപകുമാർ*

(1 –ാംപേജിൽ നിന്നും തുടർച്ച)

# അഹങ്കാരത്തിന്റെ ഫലം ആപത്ത് : ബി.എസ്. ബാലചന്ദ്രൻ

ഓർമ്മിപ്പിച്ചു. പുലിയാവട്ടെ തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ കാട്ടിനുള്ളിലേയ്ക്ക് ഓടിമറഞ്ഞു.

മുനി ഈ സംഭവത്തെക്കുറിച്ച് ആലോചിച്ചു. ഈ പ്രവർത്തി ചെയ്തത് സാധാരണക്കാരായ ആരുമായിരിക്കില്ലായെന്നും ദൈവാംശമുള്ളവർ ആരെങ്കിലുമായിരിക്കാം ഇത് ചെയ്തതെന്നും ഉറപ്പിച്ചുകൊണ്ട് അദ്ദേഹം കണ്ണടച്ച് പ്രാർത്ഥിച്ചുനിന്നു. അൽപ്പസമയത്തിനുള്ളിൽ തന്റെ ജ്ഞാനദൃഷ്ടിയാൽ കാര്യങ്ങളെല്ലാം തെളിഞ്ഞുവന്നു. അഹങ്കാരംകൊണ്ട് അന്ധനായ ഹനുമാനെ മുനീന്ദ്രൻ ശപിച്ചു. “സ്വന്തം ശക്തി അറിയാതെ പോകട്ടെ” എന്നതായിരുന്നു ശാപം. മുനിശാപംമൂലമാണ് ഹനുമാന് വളരെക്കാലം സ്വന്തം ശക്തി അറിയാതെ പോയത്. ഒടുവിൽ സീതാന്വേഷണകാലത്ത് സമുദ്ര ലംഘനത്തിന് തയ്യാറാവാതെ മടിച്ചുനിൽക്കവേ ജാംബവാൻ കാര്യങ്ങൾ വിശദീകരിച്ചപ്പോഴാണ് ഹനുമാന് സ്വന്തം ശക്തിയെക്കുറിച്ച് ബോധമുണ്ടായതും തുടർന്ന് ലങ്കയിലേക്ക് ചാടിയതും. ബി.എസ്. ബാലചന്ദ്രൻ തുടർന്നുപറഞ്ഞു.

# അക്ഷരശ്ലോകം സദസ്സിന്റെ ഉദ്ഘാടനം ഡോ. എം.ആർ. തമ്പാൻ നിർവഹിച്ചു




*അക്ഷരശ്ലോകം സദസ്സിന്റെ ഉദ്ഘാടനം സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ നിർവഹിക്കുന്നു*

**തിരുവനന്തപുരം:** സംസ്കാര ഭാരതം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കവടിയാർ സദ്ഭാവന അങ്കണത്തിൽ സംഘടിപ്പിക്കപ്പെട്ട അക്ഷരശ്ലോകം സദസ്സിന്റെ ഉദ്ഘാടനം സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ നിർവഹിച്ചു. ബി എസ് എസ് ചെയർമാൻ ബി എസ് ബാലചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബി എസ് എസ് ഡയറക്റ്റർ ജയശ്രീകുമാർ സ്വാഗതം ആശംസിച്ചു. ബി എസ് എസ് അസിസ്റ്റന്റ് ഡയറക്ടർ സ്മിത മനോജ് കൃതജ്ഞത രേഖപ്പെടുത്തി. യുവജനോത്സവവേദികളിൽ മാത്രമായി ചുരുങ്ങികൊണ്ടിരിക്കുന്ന അക്ഷരശ്ലോകത്തിന്റെ പ്രാധാന്യത്തെ കുറിച്ചു ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ വിദ്യാധിരാജ അക്ഷരശ്ലോക സമിതി സെക്രട്ടറി കെ.വേലപ്പൻ പിള്ള വിശദീകരിച്ചു. കവിയും നിരൂപകയുമായ നിർമ്മല രാജഗോപാൽ സംസാരിച്ചു.

## ‘നേച്ചർ ക്ലബ്ബ് വേൾഡ് വൈഡി’ന്റെയും കെ.എഫ്.ഡി.സിയുടെയും ആഭിമുഖ്യത്തിൽ

# വേൾഡ് ഫോറസ്റ്ററി കോൺക്ലേവ്

**തിരുവനന്തപുരം:** ലോക വനദിനത്തോടനുബന്ധിച്ച് "നേച്ചർ ക്ലബ്ബ് വേൾഡ് വൈഡിന്റെയും കേരള വനം വികസന കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ മാർച്ച് 21ന് വേൾഡ് ഫോറസ്റ്ററി കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി.

തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടന്ന വിപുലമായ പരിപാടി കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർപേഴ്സൺ ലതികാ സുഭാഷ് ഉദ്ഘാടനം ചെയ്തു. നേച്ചർ ക്ലബ്ബ് വേൾഡ് വൈഡ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു.

ഇനാഗുറൽ സെഷൻ, പ്ലീനറി സെഷൻ, ഇന്ററാക്ടീവ് സെഷൻ, വാലിഡിക്ടറി സെഷൻ എന്നിങ്ങനെയാണ് കോൺക്ലേവ് സംഘടിപ്പിക്കപ്പെട്ടത്.

വനംവകുപ്പ് ചീഫ് കൺസർവേറ്റർ ജോജി പി. മാത്തച്ചൻ ഐ എഫ് എസ്, കേരളാ വനം വികസന കോർപ്പറേഷൻ ഡയറക്ടർ കെ.എഫ്. ജ്യോതി, മുൻ മന്ത്രി എം.എം. ഹസ്സൻ, ഐ.ആർ.എൽ ഡെപ്യൂട്ടി മാനേജർ ഡോ. ജെ.കെ. അനിത, ബി.എസ്.എസ സോളാർ മിഷൻ ഡയറക്ടർ ബി.എസ്. ഗോപകുമാർ, കേരള സർവ്വകലാശാലാ ജ്യോഗ്രഫി വിഭാഗം മുൻ മേധാവി ഡോ. അനിൽകുമാർ, സംസ്ഥാന വാട്ടർ അതോറിറ്റി ജോയിന്റ് മാനേജിംഗ് ഡയറക്ടറും ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുമായ ദിനേശ് ചെറുവത്ത് ഐ.എ,എസ്, എൻ.ഐ.ഡി മുൻ ഡയറക്ടർ ഡോ. ഡാർളി ഉമ്മൻകോശി, പ്രൊഫ. ജി. ബാലചന്ദ്രൻ, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ.എം.ആർ. തമ്പാൻ തുടങ്ങിയവർ സംസാരിച്ചു. നേച്ചർ ക്ലബ് വേൾഡ് വൈഡ് പ്രോജക്ട് ഡയറക്ടർ ആർ ബിന്ദു സ്വാഗതമാശംസിച്ച ചടങ്ങിൽ കോ-ഓർഡിനേറ്റർ ലീനാമാത്യു കൃതജ്ഞത രേഖപ്പെടുത്തി.

പരിപാടിയിൽ വിജ്ഞാനപ്രദമായ പ്രബന്ധങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ധർ അവതരിപ്പിക്കുകയുണ്ടായി. വനസംരക്ഷണവും സാമ്പത്തികനേട്ടവും എന്ന വിഷയത്തിൽ എം.ജി കോളേജ് എക്കണോമിക്സ് വിഭാഗം മുൻ മേധാവി ഡോ. പി. കൃഷ്ണകുമാറും, മനുഷ്യ-വന്യജീവി സംഘർഷം- മനുഷ്യനിർമ്മിതിയുടെ ബാക്കിപത്രം എന്ന വിഷയത്തിൽ മഞ്ചേരി എൻ,എസ്.എസ് കോളേജ് മുൻ പ്രിൻസിപ്പൽ വട്ടവിള ജയകുമാറും, പ്രകൃതി-വികസനം-ഭാവി എന്ന വിഷയത്തെ അധികരിച്ച് ജലനിധി മുൻ മേധാവി ഡോ. സുഭാഷ് ചന്ദ്രബോസും, ആഗോളതാപനത്തിൽ ഉഴലുന്ന കേരളം എന്ന വിഷയത്തിൽ കേരള സർവ്വകലാശാലാ എൻവയോൺമെന്റൽ സയൻസ് വിഭാഗം പ്രൊഫസറും ഡീനുമായ ഡോ. ബാബു ജോസഫും ഖനനവും പരിസ്ഥിതിയും എന്ന വിഷയത്തിന്മേൽ ചവറ ഐ,ആർ.ഇ.എൽ മുൻ ഡെപ്യൂട്ടി മാനേജർ ഡോ. അനിത ജെ.കെയും ക്ലൈമറ്റ് ചെയ്ഞ്ച് ആൻഡ് ലാൻഡ് ഇംപാക്ട്സ്, ചലഞ്ചസ് ആൻഡ് സൊല്യൂഷൻസ് എന്ന വിഷയത്തിന്മേൽ ഡോ.ആർ.അനിൽകുമാറും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

ഇനിയൊരു പ്രകൃതിദുരന്തത്തിന് സാക്ഷിയാകാതിരിക്കാൻ വേണ്ടിയുള്ള പ്രകൃതിസംരക്ഷണത്തിനായി പ്രവർത്തിക്കുന്ന നേച്ചർക്ലബ്ബ് വേൾഡ് വൈഡ് എന്ന പ്രസ്ഥാനവുമായി പൂർണ്ണമായും സഹകരിക്കുമെന്ന് സംസ്ഥാന വനം വികസന കോർപ്പറേഷൻ ചെയർപേഴ്സൺ ലതിക സുഭാഷ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പ്രത്യേകമായ ആരോഗ്യപരിരക്ഷകളൊന്നുമില്ലെങ്കിൽക്കൂടി മുഖത്ത് ഒരു ചുളിവുപോലും വരാത്തത്ര ആരോഗ്യവതികളായ ആദിവാസി അമ്മമാരെ നമുക്ക് ആദിവാസി ഊരുകളിൽ കാണാൻ കഴിയുന്നുണ്ടെങ്കിൽ അതിനു കാരണം അവർക്ക് ലഭിക്കുന്നത് മലിനമാകാത്ത വായുവും, ജലവും, ഭക്ഷണവുമാണെന്നതാണെന്നും അവർ ചൂണ്ടിക്കാട്ടുകയുണ്ടായി.

ഇന്ന് നാം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പെട്ടെന്നുണ്ടായതല്ലായെന്നും കാലാകാലങ്ങളായുള്ള മനുഷ്യന്റെ പ്രവർത്തിയുടെ ഫലമാണെന്നും ചൂണ്ടിക്കാട്ടിക്കൊണ്ട് ഈ ദുഃസ്ഥിതിയിൽ നിന്നും കരകയറുവാൻ നാം കൂട്ടായി പ്രയത്നിക്കണമെന്നും പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ച നേച്ചർ ക്ലബ്ബ് വേൾഡ്വൈഡ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ പറഞ്ഞു. ഇതിന് പ്രധാനമായും വേണ്ടത് നാടൊട്ടുക്കും ജാതി-മത-കക്ഷി-രാഷ്ട്രീയ ഭേദമന്യേ സാർവ്വത്രികമായുള്ള നേച്ചർ ക്ലബ്ബുകളുടെ രൂപീകരണമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അങ്ങിനെ വന്നാൽ കേരളത്തിലെ പ്രകൃതി സംരക്ഷണരംഗത്ത് സജീവമായി ഇടപെടാൻ കഴിയുന്ന ഒരു ചലനാത്മക ദൗത്യമാക്കി അതിനെ മാറ്റുവാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് സംസ്ഥാനത്ത് വ്യാപകമായ നിലയിൽ നേച്ചർ ക്ലബ്ബുകൾ രൂപീകരിക്കുവാൻ വേണ്ട എല്ലാ പിൻതുണയും സഹകരണവും താൻ നൽകുന്നതാണെന്ന് മുൻ മന്ത്രിയും ജനശ്രീ ചെയർമാനുമായ എം.എം. ഹസ്സൻ പറഞ്ഞു. പരിസ്ഥിതി സംരക്ഷണത്തിന്റെ അഭാവമാണ് കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങുവാൻ കാരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരിസ്ഥിതി വിദ്യാഭ്യാസം കൂടുതൽ ശാസ്ത്രീയമാകേണ്ടത്തിന്റെ ആവശ്യകതയിലേക്കാണ് ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ ജോജി പി. മാത്തച്ചൻ ഐ.എഫ്.എസ് വിരൽ ചൂണ്ടിയത്. വന്യജീവികൾ കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങുന്നതിന്റെ പ്രധാന കാരണം വൈദേശിക സസ്യങ്ങളുടെ അതിപ്രസരമാണെന്നും അദ്ദേഹം പറഞ്ഞു. പ്രകൃതിയെ അറിഞ്ഞ് അതിന്റെ ആവാസവ്യവസ്ഥയ്ക്കനുസരണമായി അതിനെ സംരക്ഷിക്കാൻ നമുക്ക് കഴിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരിസ്ഥിതി ദിനവും വനദിനവുമെല്ലാം ഇന്ന് ഒരു ചടങ്ങുമാത്രമായി മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്തി കൂടുതൽ കർമ്മപരിപാടികളിലേയ്ക്ക് നീങ്ങേണ്ടതിന്റെ ആവശ്യകതയിലേക്കാണ് കേരള വനം വികസന കോർപ്പറേഷൻ ഡയറക്ടർ കെ.എഫ്. ജ്യോതി വിരൽ ചൂണ്ടിയത്. ജല മലിനീകരണംമൂലം കുപ്പിവെള്ളം നമ്മുടെ ജീവിതത്തിന്റെ ഭാഗമായതുപോലെതന്നെ ആസന്നഭാവിയിൽ കുപ്പികളിലുള്ള ശുദ്ധവായുവും ഈ ജീവിതത്തിന്റെ ഭാഗമാകുമെന്നുവേണം കരുതാനെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് ദില്ലിയിൽ കുപ്പികളിലുള്ള ശുദ്ധവായുവിന് വലിയ ഡിമാന്റാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ധാതു ഖനനത്തിനുശേഷം ഖനനസ്ഥലം എങ്ങിനെ പ്രകൃതിക്കനുസൃതമാക്കി മാറ്റാം എന്നതിനെക്കുറിച്ചാണ് ഐ.ആർ.എൽ ഡെപ്യൂട്ടി മാനേജർ ഡോ.ജെ.കെ അനിത വിശദീകരിച്ചത്.

സോളാർ പദ്ധതിയെക്കുറിച്ചും അതിന്റെ ഉപയോഗങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ച ബി.എസ്.എസ് സോളാർ മിഷൻ ഡയറക്ടർ ബി.എസ്. ഗോപകുമാർ പ്രകൃതിദത്തമായ സോളാർ വൈദ്യുത ഉൽപ്പാദനം വ്യാപകമായി ഉപയോഗപ്പെടുത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഊന്നിപ്പറയുകയുണ്ടായി.

Edited, Printed and Published by B.S.Balachandran on behalf of Bharat Sevak Samaj, Kerala Pradesh, Satbhavana Bhavan, Kowdiyar P O, Thiruvananthapuram 695003. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar